കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വൈത്തിരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:deputydlfa.wyd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.(ഡബ്ല്യ.വൈ.ഡി.).പി1/558/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ

ഫോൺ: 04936-203672

തീയതി.05.10.2017

Email-dowyd.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

വയനാട് ജില്ല

സെക്രട്ടറി

വൈത്തിരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വൈത്തിരി ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ - 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-3, 2-4, 2-5, 2-7 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
വയനാട്.

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട് ജില്ല
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി.)പി1/558/2017

തിയ്യതി: 05.10.2017

വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ - 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ - 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 10.11.2016 തിയ്യതി മുതൽ 31.03.2017 വരെയ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 31 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ. രതീഷ് കുമാർ. പി.എം.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.07.2017 മുതൽ 22.07.2017 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ജയകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. നവാസ് കെ.എം.<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഡേവിഡ് കെ.വി<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജയൻ.പി, ഓഡിറ്റർ |
| | ശ്രീമതി. ടിജി വർഗ്ഗീസ്, ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി. ഉഷാകുമാരി | 01.04.2016മുതൽ<br>31.03.2017 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീ. സി.ഗോപി | 01.04.2016മുതൽ<br>31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | ശ്രീമതി.എൽസി ജോർജ്ജ് | 01.04.2016മുതൽ<br>31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ശ്രീ. വിജേഷ് .എം.വി | 01.04.2016മുതൽ<br>31.03.2017 വരെ |

| | | |
|---|---|---|
| | | |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം ) | ശ്രീമതി. ഡോളി ജോസ് | 01.04.2016മുതൽ<br>31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. അരുൺ അലക്സാണ്ടർ | 01.04.2016മുതൽ<br>11.11.2016 FNവരെ |
| | ശ്രീമതി. ഇന്ദിര.പി.കെ.<br>(ഇൻ-ചാർജ്ജ്) | 11.11.2016 ANമുതൽ 30.12.2016 FNവരെ |
| | ശ്രീ. ബോബൻ ചാക്കോ | 30.12.2016 ANമുതൽ 31.03.2017 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ<br>(പി എച്ച്.സി) | ഡോ.പ്രസന്നകുമാർ | 01.04.2016മുതൽ<br>04.07.2016 വരെ |
| | ഡോ.ദിവ്യ.എം | 05.07.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ.നൗഫിറ.പി.കെ | 01.04.2016മുതൽ<br>31.03.2017 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ.മായ ജോർജ്ജ് | 01.04.2016മുതൽ<br>31.03.2017 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സിസിലി. എം.എം. | 01.04.2016മുതൽ 21.05.2016 FNവരെ |
| | ശ്രിമതി. ജൂലി.എം.ജോസഫ് | 21.05.2016 ANമുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.സജിജോസഫ് | 01.04.2016മുതൽ 20.09.2016 FNവരെ |
| | ഡോ.കനകരാജ് | 20.09.2016 ANമുതൽ 15.02.2017FNവരെ |
| | ഡോ.വിന്നി ജോസഫ് | 15.02.2017 ANമുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ. വിനോദ് ആന്റണി | 01.04.2016മുതൽ 31.03.2017 വരെ |
| | ശ്രീ. വിപിൻ ശ്യാം | |
| കൃഷി ഓഫീസർ | ശ്രിമതി. ഉഷാകുമാരി | 01.04.2016മുതൽ 21.07.2016 FNവരെ |
| | ശ്രിമതി. രാജി വർഗ്ഗീസ് | 21.07.2016ANമുതൽ 31.03.2017 വരെ |
| അസി .എഞ്ചിനീയർ | ശ്രീ. അബ്ദുൾ നാസർ | 01.04.2016മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. മുഹമ്മദ് .കെ.കെ | 01.04.2016മുതൽ 06.06.2016 FNവരെ |
| | ശ്രിമതി. പ്രസന്ന .പി.കെ | 06.06.2016 AN മുതൽ 31.03.2017 വരെ |
| അസി.സെക്രട്ടറി | ശ്രിമതി. ഇന്ദിര.പി.കെ | 01.04.2016മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| | പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| | ഭാഗം 2<br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | വാർഷിക കണക്കുകളുടെ അപാകതകൾ | 2-1 | |

| | | | |
|---|---|---|---|
| 13 | റിസോർട്ടിന് ഹോംസ്റ്റേ നിരക്കിലുള്ള വസ്തുനികുതി ഈടാക്കി | 2.2 | |
| 14 | വാണിജ്യകെട്ടിടങ്ങൾക്ക് വസ്തുനികുതി കുറവ് ഈടാക്കി | 2.3 | |
| 15 | വൈത്തിരി ഗ്രാമപഞ്ചായത്തിലെ പല റിസോർട്ടുകൾക്കും വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല | 2.4 | |
| 16 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾക്കുള്ള അടിസ്ഥാനവസ്തുനികുതി നിരക്ക് നിശ്ചയിച്ചില്ല | 2.5 | |
| 17 | 2011 ലെ കേരളപഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾക്ക് വിരുദ്ധമായി കെട്ടിടങ്ങൾ നിർമ്മിച്ചു. | 2.6 | |
| 15 | കെട്ടിടപെർമ്മിറ്റിന് വിരുദ്ധമായും പെർമ്മിറ്റില്ലാതെയും റിസോർട്ടിൽ കെട്ടിടങ്ങൾ പണിതു -ആവശ്യമായ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. | 2.7 | |
| 16 | പൂക്കോട് തടാക വിനോദസഞ്ചാര കേന്ദ്ര പരിസരത്തെ വാഹന പാർക്കിംഗ് ഡി.റ്റി.പി.സി യിൽ നിന്ന് തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 2.8 | |

| | | | |
|---|---|---|---|
| | | | |
| 17 | ഡി &ഒ ലൈസൻസ്, ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയില്ല. | 2.9 | |
| ഭാഗം - 3<br><br>ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | | | |
| 18 | പ്രോജക്ടുകൾ യഥാസമയം നടപ്പിലാക്കാത്തതിനാൽ സാമ്പത്തിക നഷ്ടം | 3.1 | |
| 19 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ - വിതരണത്തിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 3-2 | |
| 20 | ഹോമിയോ- മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. | 3-3 | |
| 21 | അലോപ്പതി മരുന്നുകൾ,ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല- നടപടി സ്വീകരിക്കേണ്ടതാണ് | 3-4 | |
| 22 | പദ്ധതി ചെലവുകൾ- കണക്കുകളിൽപ്പെടുത്തിയിട്ടില്ല. | 3-5 | |
| 23 | അംഗൻവാടികൾക്ക് പാത്രം വാങ്ങൽ - അപാകതകൾ | 3-6 | |
| 24 | ഗുണഭോക്തൃസമിതികൾ അധികമായി വാങ്ങിയ | 3-7 | |

| | | | |
|---|---|---|---|
| | സാമഗ്രികൾ ഗ്രാമപഞ്ചായത്തിൽ ഏൽപ്പിച്ചിട്ടില്ല. | | |
| 25 | ചുണ്ടേൽ മാർക്കറ്റ് ടോയ്ലറ്റ് - നിഷ്ക്രീയ ആസ്തി | 3-8 | |
| 26 | അംഗൻവാടികൾ സൌകര്യമില്ലാത്തും അപകടനിലയിലുള്ളതുമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. | 3-9 | |
| 27 | പദ്ധതി അവലോകനം. | 3-10 | |
| 28 | വാണിജ്യ നികുതി ഇനത്തിൽ സർക്കാരിന് വൻ നഷ്ടം. | 3-11 | |
| 29 | വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം/തുക കൈപ്പറ്റിയതിന്റെ രശീതി എന്നിവ ലഭിക്കാത്തത്. | 3-12 | |
| 30 | വെള്ളക്കരം | 3-13 | |
| 31 | റഫറൻസ് പുസ്തകങ്ങൾ വാങ്ങിയത് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നില്ല | 3-14 | |
| 32 | സ്ട്രീറ്റ് ലൈറ്റ് ഇൻസ്റ്റലേഷൻ പൂർത്തീകരിച്ചിട്ടില്ല | 3-15 | |

| | | | |
|---|---|---|---|
| ഭാഗം - 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 36 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 | |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 38 | ഓഡിറ്റ് റിക്കവറി | 4-6 | |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 04.03.2016 തീയതിയിലെ 1(1)/16-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.17 | 23.06.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | ഓഡിറ്റ് സമയത്ത് പരിശോധിച്ചു. | സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 27916975 |
| വരവ് | 65228257 |
| ആകെ | 93145232 |
| ചെലവ് | 55419876 |
| നീക്കിയിരിപ്പ് | 37725356 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 9367947 | 9367947 | 9157579 | - | 210368 |
| വികസനഫണ്ട് എസ്.സി.പി. | 5855400 | 5855400 | 4516116 | - | 1339284 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 2326287 | 2326287 | 1841903 | - | 484384 |
| സംരക്ഷണഗ്രാന്റ് റോഡ് | 2836659 | 2836659 | 296844 | - | 2539815 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2554755 | 2554755 | 1527665 | - | 1027090 |
| ലോകബാങ്ക് സഹായം (സെൻട്രൽ) | 2028139 | 2028139 | 0 | - | 2028139 |
| ലോകബാങ്ക് സഹായം (സ്റ്റേറ്റ്) | 723104 | 723104 | 0 | - | 723104 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5254271 | 5254271 | 0 | 4954271 | 300000 |

ലോകബാങ്ക് സഹായം (സ്റ്റേറ്റ്) ഇനത്തിലും ലോകബാങ്ക് സഹായം(സെൻട്രൽ) ഇനത്തിലും ലഭിച്ച 59,77,375/- രൂപ ചെലവഴിച്ചില്ല.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 184 | 49613993 | 28896263 | 109 | 64 | 11 | 59.23 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 3% കുറവ് വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 11590370 | 12712147 | (-)1121777 | (-) 9.68 |
| നികുതിയേതര വരവുകൾ | 2592884 | 2083844 | (+)509040 | (+) 24 |
| മറ്റുവരവുകൾ | 362454 | 151334 | (+)211120 | (+)240 |
| ആകെ | 14545708 | 14947325 | (-)401617 | (-) 3 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 37 | 55440 |
| കർഷകതൊഴിലാളി പെൻഷൻ | 197 | 2020820 |
| വിധവാപെൻഷൻ | 732 | 8366420 |
| വാർദ്ധക്യകാലപെൻഷൻ | 918 | 13242340 |
| വികലാംഗപെൻഷൻ | 167 | 1675810 |
| അവിവാഹിത പെൻഷൻ | ലഭ്യമല്ല. | 134390 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.07.2017 ന് 4 മണിക്ക് ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4068/-രൂപ (നാലായിരത്തി അറുപത്തിയെട്ട് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.04.2017 മുതൽ 20.04.2017 വരെ | 10/16 മുതൽ 03/17 വരെ | 20.04.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.06.2017 | 2009-10 മുതൽ 2013-14 വരെ | 11.09.2014 |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2016-17വർഷത്തെ വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1. തനത്ഫണ്ട് നിക്ഷേപിക്കുന്ന എസ്.എം.ജി.ബി. ബാങ്ക് അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്കിൽ സമർപ്പിക്കാത്ത 3 വർഷത്തിൽ അധികമായ 10,838/- രൂപ തുക വരുന്ന 6ചെക്കുകൾ (ചെക്ക് നമ്പറുകൾ രേഖപ്പെടുത്തിയിട്ടില്ല) പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല. 31.03.2014 ന് ഡെപ്പോസിറ്റ് ചെയ്ത 61,087/- രൂപ തുക വരുന്ന 6ചെക്കുകൾ (ചെക്ക് നമ്പറുകൾ രേഖപ്പെടുത്തിയിട്ടില്ല) ബാങ്കിൽ വരവ് വന്നിട്ടില്ല. ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിച്ച് വാർഷിക കണക്കിൽ ആവശ്യമായ ക്രമീകരണം വരുത്തിയില്ല.
2. ഫിക്സഡ് അസറ്റ്സ്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ, ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്നിവയുടെ കൃത്യമായ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
3. ക്ഷേമപെൻഷൻ ചെലവിന്റെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് പഞ്ചായത്തിൽ ലഭ്യമല്ല.
4. വാർഷിക കണക്കുകളിൽ ഉൾപ്പെടാത്ത തുക നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള പദ്ധതി നിർവ്വഹണത്തിനായുള്ള ബാങ്ക് അക്കൗണ്ടുകളിൽ (സാംഖ്യയിൽ ഉൾപ്പെടുത്താത്ത അക്കൗണ്ടുകളിലെ തുക) നീക്കിയിരിപ്പായുണ്ട്.
5. വാർഷിക കണക്കിൽ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യതകളും ബി - 17 പ്രകാരമുള്ള ആസ്തികളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ബി-4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യത | ബി - 17 പ്രകാരമുള്ള ആസ്തി |
|---|---|---|

| | | |
|---|---|---|
| | | |
| ടി.എസ്.സി. | 2644953 | 4038386 |
| ഡബ്ല്യൂ.ജി.ഡി.പി. | 122630 | 313766 |
| സാക്ഷരത | 332 | 582 |

തനത്ഫണ്ട് നിക്ഷേപിക്കുന്ന അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള മറ്റ് ഫണ്ടുകളുടെ വിവരം ഓഡിറ്ററിന് ലഭ്യമാക്കിയിട്ടില്ല. അതിനാൽ യഥാർത്ഥിൽ നീക്കിയിരിപ്പുള്ള തനത്ഫണ്ട് നിക്ഷേപം എത്രയാണെന്ന് ലഭ്യമല്ല. അതുപോലെ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള മറ്റ് ഫണ്ടുകളുടെ (പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച ഫണ്ടുകൾ തുടങ്ങിയവ) ബി-4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യതകളും ബി - 17 പ്രകാരമുള്ള ആസ്തികളും തമ്മിൽ പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6. ഡെപ്പോസിറ്റ്, അഡ്വാൻസ്, ഇൻവെസ്റ്റ്മെന്റ് എന്നിവയ്ക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

7. ഡി&ഒ ലൈസൻസ്, തൊഴിൽനികുതി എന്നിവയ്ക്ക് ഡിമാന്റ് രജിസ്റ്റർ എഴുതി

സൂക്ഷിച്ചിട്ടില്ല.

8. ഡി&ഒ ലൈസൻസ്, തൊഴിൽനികുതി, വസ്തുനികുതി എന്നിവയുടെ കളക്ഷൻ രജിസ്റ്റർ

പ്രകാരമുള്ള വരവും വാർഷിക കണക്കുകൾ പ്രകാരമുള്ള വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | വാർഷിക കണക്കുകൾ പ്രകാരം വരവ് | കളക്ഷൻ രജിസ്റ്റർ<br>പ്രകാരം വരവ് |
|---|---|---|

| | | |
|---|---|---|
| ഡി&ഒ ലൈസൻസ് | 189260 | 175000 |
| തൊഴിൽ നികുതി(ട്രഡേഴ്സ്) | 657130 | 632220 |
| തൊഴിൽ നികുതി(എംപ്ലോയ്സ്) | 3007945 | 2992945 |
| വസ്തു നികുതി | 7903538 | 8142892 |

9) ഫിക്സഡ് അസറ്റ്സിന് 2016-17 വർഷത്തെ വാർഷിക കണക്കുകളിൽ ഡിപ്രിസിയേഷൻ നൽകിയിട്ടില്ല.

10) മുൻ വർഷത്തെ ബാലൻസ് ഷീറ്റ് (ഓഡിറ്റഡ്) പ്രകാരം വസ്തുനികുതി കുടിശ്ശിക 25,59,436/- രൂപയാണ് എന്നാൽ സഞ്ചയ റിപ്പോർട്ട് പ്രകാരം കുടിശ്ശിക 44,00,350/- രൂപയാണ്.

11) വസ്തുനികുതി കളക്ഷൻ വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം 22,44,790/- രൂപയാണ് എന്നാൽ സഞ്ചയ റിപ്പോർട്ട് പ്രകാരം കുടിശിക 23,59,290/- രൂപയാണ്.

12) സെക്രട്ടറി, പെർമെനന്റ് സ്റ്റാഫ് എന്നിവരുടെ ശബളം, പെൻഷൻ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യമായ വിവരം ലഭ്യമായിട്ടില്ല (ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്. സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & എക്സ്. സ്റ്റേറ്റ്മെന്റ് എന്നിവയിലെ തുകകൾ തമ്മിൽ പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു).

## 2-2 റിസോർട്ടിന് ഹോംസ്റ്റേ നിരക്കിലുള്ള വസ്തുനികുതി ഈടാക്കി

വൈത്തിരി താലൂക്കിലെ 329/11,12 സർവ്വേ നമ്പറുകളിൽ സ്ഥിതിചെയ്യുന്ന അമറുദ്ദീൻ, പാറപുറത്ത്, അഴിക്കോട് എന്നവരുടെ ഉടമസ്ഥതയിലുള്ള ഡാനിഷ് റിസോർട്ടിന് ഹോംസ്റ്റേ നിരക്കിലാണ് (40/- രൂപ നിരക്കിൽ) വസ്തുനികുതി ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഈടാക്കിയ വസ്തു നികുതി/ | ഈടാക്കേണ്ട വസ്തുനികുതി | കുറവായി ഈടാക്കിയ |
|---|---|---|---|---|

| | | ലൈബ്രറി സെസ് (വഴി സൗകര്യം-20 % വർദ്ധനവ്, ദ്വിദീയമേഖല- 10 % ഇളവ്) | @ 80/-രൂപ/ ലൈബ്രറി സെസ് | വസ്തുനികുതി/ ലൈബ്രറി സെസ് |
|---|---|---|---|---|
| 5/171/B | 124 m2 | 5456/273 | 10912/546 | 5456/273 |
| 5/171/C | 50 m2 | 2200/110 | 4400/220 | 2200/110 |
| 5/171/D | 154 m2 | 6776/339 | 13552/678 | 6776/339 |
| 5/171/E | 30.65 m2 | 1472/74 | 2942/128 | 1470/74 |
| 5/171/F | 31.25 m2 | 1250/63 | 2500/126 | 1250/63 |
| 5/171/G | 62.49 m2 | 2500/125 | 5000/250 | 2500/125 |
| 5/171/H | 31.25 m2 | 1250/63 | 2500/126 | 1250/63 |
| 5/171/J | 25.2 m2 | 1008/51 | 2016/102 | 1008/51 |
| 5/171/K | 25.2 m2 | 1008/51 | 2016/102 | 1008/51 |
| 5/171/L | 25.2 m2 | 1008/51 | 2016/102 | 1008/51 |
| 5/171/M | 25.2 m2 | 1008/51 | 2016/102 | 1008/51 |
| ആകെ- | 584.4 m2 | 24936/1251 | 49870/2502 | 24932/1251 |

റിസോർട്ടിന് ഹോംസ്റ്റേ നിരക്കിൽ വസ്തുനികുതി ഈടാക്കിയതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 25 /16-17/21.07.17 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ റിസോർട്ടിലെ വിവിധ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച തിയ്യതി മുതൽ മേൽ കണക്കാക്കിയ പ്രകാരമുള്ള റിസോർട്ടിന്റെ നിരക്കിലുള്ള വസ്തുനികുതിയും ലൈബ്രറിസെസും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 വാണിജ്യകെട്ടിടങ്ങൾക്ക് വസ്തുനികുതി കുറവ് ഈടാക്കി

വൈത്തിരി താലൂക്കിലെ 54/3,4,6 സർവ്വേ നമ്പറുകളിൽ സ്ഥിതിചെയ്യുന്ന 2635m2 വിസ്തീർണ്ണമുള്ള പ്ലോട്ടിൽ 719.68m2 തറവിസ്തീർണ്ണമുള്ള മൂന്ന് നിലയുള്ള വാണിജ്യ കെട്ടിടം

പണിയുന്നതിന് നസ്രുത്തുൽ ഇസ്ലാം ജമാഅത്ത് കമ്മറ്റി, സെക്രട്ടറിക്ക് ബി.എൽ -12/14-15 (സി.1.3512/2013) തിയ്യതി 28.04.2014ന് പ്രകാരം പെർമ്മിറ്റ് നല്കി. ആയതിന്റെ അടിസ്ഥാനത്തിൽ 15.11.2016കെട്ടിട ഉടമ തറനിലയുടെയും ഭൂഗർഭനിലയുടെയും പൂർത്തീകരണ പ്ലാൻ (ഭാഗികം) സമർപ്പിക്കുകയും താഴെപ്പറയും പ്രകാരം വസ്തുനികുതി നിർണ്ണയിക്കുകയും ചെയ്തു.

ഭാഗിക പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണം ഇപ്രകാരമാണ്.

സെല്ലാർ - 19m2

ഗ്രൗണ്ട് നില - 256 m2

ആകെ - 275 m2

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടത്തിന്റെ അടിസ്ഥാനത്തിലുള്ള വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 05.06.2011 ലെ സി.1/1755 /2007-ാം നമ്പർ തീരുമാനപ്രകാരം 100 m2ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 60/- രൂപയാണ്. ഈ കെട്ടിടം 100 m2 ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം എന്ന ഉപയോഗക്രമത്തിലാണ് വരുന്നത്. ആയതിനാൽ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 60/- രൂപയാണ്. എന്നാൽ ഈ കെട്ടിടത്തിന് 50/-രൂപ നിരക്കിലാണ് വസ്തുനികുതി ഈടാക്കിയിട്ടുള്ളത്. ഈ കെട്ടിടത്തിന് ഈടാക്കേണ്ട വസ്തുനികുതി ഇപ്രകാരമാണ്.

| ക്രമ. നം | നിർണ്ണയിച്ച വസ്തുനികുതി | | | | | ആകെ | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി |
|---|---|---|---|---|---|---|---|
| | കെട്ടിടനം& നില | തറ വിസ്തീർണ്ണം (m2) | ഉപയോഗക്രമം/ അടിസ്ഥാന നിരക്ക് | ഇളവ്(നില)/ വർദ്ധനവ് (വഴി സൗകര്യം 20 %) | ലൈബ്രറി സെസ് (5 %) | | |
| 1 | 2/92-A-തറനില | 25.6 | സെല്ലാർ നിലയുടെയും തറനിലയുടെയും ഉപയോഗക്രമം -ഷോപ്പ്തറവിസ്തീർണ്ണം-275 m2. അടിസ്ഥാന നിരക്ക്-50/- രൂപ-വർദ്ധനവ്(വഴി സൗകര്യം)-20 %. ലൈബ്രറിസെസ്-5 %.<br>നിർണ്ണയിച്ച വസ്തുനികുതി=16500/-<br>ലൈബ്രറിസെസ്-825/-<br>ആകെ-17325/- | | | | പൂർത്തീകരണപ്ലാൻ പ്രകാരം സെല്ലാർ നിലയുടെയും തറനിലയുടെയും ഉപയോഗക്രമം - ഷോപ്പ്. തറവിസ്തീർണ്ണം-275 m2. ഈടാക്കേണ്ട വസ്തുനികുതി(വർദ്ധനവ് (വഴി സൗകര്യം)- 20 %=275 x60x1.2<br>= 19800/- |
| 2 | 2/92-B | 25.6 | | | | | |
| 3 | 2/92-C | 25.6 | | | | | |
| 4 | 2/92-D | 25.6 | | | | | |
| 5 | 2/92-E | 25.6 | | | | | |
| 6 | 2/92-F | 25.6 | | | | | |
| 7 | 2/92-G | 25.6 | | | | | |
| 8 | 2/92-H | 25.6 | | | | | |

| | | | | |
|---|---|---|---|---|
| 9 | 2/92-J | 25.6 | | ലൈബ്രറി സെസ് 5%=990/-<br>ആകെ-20790/- |
| 10 | 2/92-K | 25.6 | | |
| 11 | 2/92-L-സെല്ലാർ | 19 | | |
| ആകെ -275 m2 | | | | |

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 3465/- രൂപയുടെ കുറവുണ്ട് (20790-17325).

ബി) മേൽ കെട്ടിടം പഞ്ചായത്ത് നല്കിയ ബി.എൽ-12/14-15 (സി.1.3512/2013) 28.04.14 പ്രകാരം വൈത്തിരി താലൂക്കിലെ 54/3,4,6 സർവ്വേ നമ്പറുകളിൽ സ്ഥിതി ചെയ്യുന്നതെങ്കിലും (പ്ലോട്ട് വിസ്തീർണ്ണം 2635 m2) ഭാഗിക പൂർത്തീകരണപ്ലാൻ (സെല്ലാർ നിലയും തറനിലയും) പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് വൈത്തിരി താലൂക്കിലെ 54/3,4 സർവ്വേനമ്പറുകളിൽ (പ്ലോട്ട് വിസ്തീർണ്ണം - 1415 m2 മാത്രം). ആയതിന് വിശദീകരണം നല്കേണ്ടതാണ്.

മേൽപ്പറഞ്ഞ രീതിയിൽ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 60/- രൂപയ്ക്കുപകരം 50/-രൂപ നിരക്കിൽ വസ്തുനികുതി കുറവായി നിർണ്ണയിച്ച ഏതാനും വാണിജ്യകെട്ടിടങ്ങളുടെ വിശദാംശം താഴെപ്പറയുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | കെട്ടിടത്തിന്റെ വാണിജ്യത്തിന് ഉപയോഗിക്കുന്ന തറവിസ്തീർണ്ണം(m2) |
|---|---|---|---|
| 1 | 13/466-K-Q | മുനീർ, പീടിക കണ്ടി,<br>12ാം പാലം | 103.95 (ഒന്നാം നില ) |
| 2 | 14/390-B-E | ഏണസ്റ്റിൻ മേരി ഡിക്രൂസ്സ് ചുണ്ടേൽ | തറ നില യഥാർത്ഥത്തിൽ തറ നിലയുടെ തറ വിസ്തീർണ്ണം 165.27 m2 ആണെങ്കിലും 158.67 m2 ന്റെ വസ്തു<br>നികുതിയെ നിർണ്ണയച്ചിട്ടുള്ളൂ. |
| 3 | 3/675-A-G | റഷീദ്,അബ്ദുൾഷെരീഫ്,<br>ചുണ്ടേൽ | 197.02 m2 |

| | | | |
|---|---|---|---|
| 4 | 11/5-A-F | സെയ്യൂട്ടി പൂലാടൻ,വൈത്തിരി | 134.4 m2 |
| 5 | 10/432-A-H | ഹംസ, അലവി ഹാജി , കരിമ്പൻ(ഹൗസ്), പഴയ വൈത്തിരി | 234.98 m2 |

ഇരു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15 /16-17/18.07.17)മറുപടി ലഭിച്ചില്ല. ചുണ്ടേലുള്ള നസ്രത്തുൽ ഇസ്ലാം ജമാത്ത് കമ്മറ്റി, സെക്രട്ടറിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 3465/- യുടെ കുറവുണ്ട്. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതിനുപുറമെ മേൽപ്പരാമർശിച്ച അഞ്ച് കെട്ടിടങ്ങളെ കൂടാതെ ഇത്തരത്തിൽ വസ്തുനികുതി കുറവായി ഈടാക്കിയ 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം വരുന്ന മുഴുവൻ വാണിജ്യ കെട്ടിടങ്ങളുടെയും വസ്തുനികുതി പുതുക്കി നിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 വൈത്തിരി ഗ്രാമപഞ്ചായത്തിലെ പല റിസോർട്ടുകൾക്കും വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

താഴെപ്പറയുന്ന റിസോർട്ടുകൾ വൈത്തിരി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി ഇൻറർ നെറ്റിൽ കാണുന്നുവെങ്കിലും പഞ്ചായത്തിന്റെ അസസ് മെന്റിൽ വന്നിട്ടില്ല.

| ക്രമ നം. | റിസോർട്ടിന്റെ പേര് |
|---|---|
| 1 | ഷാറോയ് റിസോർട്ട്-ആയുർവേദ സുഖ ചികിത്സാ സൗകര്യങ്ങളും മസ്സാജിംഗ് സൗകര്യങ്ങളും ഉണ്ട്. |
| 2 | വിന്റ് ഫ്ലവർ റിസോർട്ട് & സ്പാ |
| 3 | സിൽവർ ഗ്രീൻ ഹോളിഡേ എൻക്ളേവ്സ്, വൈത്തിരി-മസ്സാജിംഗ് സൗകര്യങ്ങളും സ്പായും ഉണ്ട് |

| | |
|---|---|
| 4 | ഓക്സി ഫാം റിസോർട്ട് |
| 5 | വൈത്തിരി വ്യൂസ് റിസോർട്ട്-സ്പാ ഉണ്ട് |
| 6 | ഗ്രീൻമാജിക് റിസോർട്ട് |
| 7 | വെൽബീയിംഗ് റിസോർട്ട് |
| 8 | വിന്റ് വാലി ഗാർഡൻ റിസോർട്ട്-സ്പാ ഉണ്ട്. |
| 9 | ആദിത്യ നാച്ചർ റിസോർട്ട് |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 15 /16-17/18.07.17 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ഈ റിസോർട്ടുകളിലെ വിവിധ കെട്ടിടങ്ങൾ പണിപൂർത്തിയാക്കിയ തിയ്യതി മുതൽ വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം വസ്തുനികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചില്ല.

സ.ഉ(അ)നം.36/2015/തസ്വഭവ തിയ്യതി 24/02/15 പ്രകാരം സ്വകാര്യഹോസ്റ്റൽ, ഹോംസ്റ്റേ എന്നിവയ്ക്ക് യഥാക്രമം 30/- രൂപയും, 60/- രൂപയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോംമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം,കാന്റീൻ,,വർക്ക് ഷോപ്പ് എന്നിവയ്ക്ക് യഥാക്രമം 3/- രൂപയും, 6/- രൂപയും മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർ പ്രൈസസ് ഡെവലപ്പ്മെന്റ് ആക്റ്റ് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്ക് യഥാക്രമം 15/- രൂപയും,25/- രൂപയും ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾക്ക് യഥാക്രമം 150/- രൂപയും, 160/- രൂപയുമാണ് കുറഞ്ഞതും കൂടിയതുമായ അടിസ്ഥാനവസ്തുനികുതി നിരക്കായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന റിസോർട്ടുകളിൽ ആയുർവേദ,മസ്സാജിംഗ്, സ്പാ സൗകര്യമുള്ളതായി ഇൻറർ നെറ്റിൽ കാണുന്നു.

| ക്രമ നം. | റിസോർട്ടിന്റെ പേര് |
|---|---|

| | |
|---|---|
| 1 | വൈത്തിരി വില്ലേജ് റിസോർട്ട് |
| 2 | റെയിൻ കൺട്രി റിസോർട്ട്, ലക്കിടി |
| 3 | ബ്ളൂ ജിൻജർ റിസോർട്ട് |
| 4 | ഹെർബൽ കൺട്രി കോട്ടേജ് |
| 5 | വിൻറ് ഫ്ളവർ റിസോർട്ട് & സ്പാ |
| 6 | വൈത്തിരി മിസ്റ്റ് |
| 7 | വൈത്തിരി ഡാനിഷ് റിസോർട്ട് |
| 8 | ലിറ്റിൽ ഹോംസ്റ്റേ റിസോർട്ട് |
| 9 | വൈത്തിരി ഹോളിഡേ റിസോർട്ട് |
| 10 | സ്റ്റീം വാലി റിസോർട്ട് |
| 11 | വൈത്തിരി റിസോർട്ട് |
| 12 | ഷാറോയ് റിസോർട്ട് |
| 13 | വിന്റ് ഫ്ളവർ റിസോർട്ട് & സ്പാ |
| 14 | സിൽവർ ഗ്രീൻ ഹോളിഡേ എൻക്ളേവ്സ്,വൈത്തിരി |
| 15 | വൈത്തിരി വ്യൂസ് റിസോർട്ട് |
| 16 | വിന്റ് വാലി ഗാർഡൻ റിസോർട്ട് |

എന്നാൽ നാളിതുവരെയായിട്ടും വൈത്തിരി ഗ്രാമപഞ്ചായത്ത് ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾക്ക് മാത്രം അടിസ്ഥാന വസ്തുനികുതി നിരക്ക് വിജ്ഞാപനം ചെയ്യുകയോ ബന്ധപ്പെട്ട നിരക്കിലുള്ള വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15 /16-17/18.07.17 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് വിജ്ഞാപനം ചെയ്ത് മേൽപ്പറഞ്ഞ റിസോർട്ടുകളിൽ നിന്നും സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വന്ന 24.02.2015 മുതൽ വസ്തുനികുതി കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-6 2011 ലെ കേരളപഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾക്ക് വിരുദ്ധമായി കെട്ടിടങ്ങൾ നിർമ്മിച്ചു.

ഗ്രാമപഞ്ചായത്ത് നമ്പർ നല്കിയ ഏതാനം കെട്ടിടങ്ങളിൽ 19.07.2017 ന് സംയുക്ത സ്ഥലപരിശോധന നടത്തി. ആയതിൽ 2011 ലെ കേരളപഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിച്ച കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | കെട്ടിടത്തിന്റെ വിശദാംശങ്ങൾ | അപാകത |
|---|---|---|---|
| 1 | മുനീർ<br>പീടിക കണ്ടി | വാണിജ്യം/ ലോഡ്ജിംഗ് ഹൗസ് കെട്ടിട നം. 13/552-A മുതൽ Q വരെ (തറ വിസ്തീർണ്ണം- 496.45 ച.മി ) | 2011 ലെ കേരളപഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങളിലെ ചട്ടം 102 പ്രകാരം എല്ലാ ലോഡ്ജിംഗ് ഹൗസുകൾക്കും 100 ച.മീ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്കും മഴവെള്ള സംഭരണ സംവി ധാനം ഒരുക്കേണ്ടതാണെങ്കിലും ആയത് ഈ കെട്ടിടത്തിൽ ഒരുക്കാത്തതിനാൽ മഴവെള്ളം പുറത്തേക്ക് ഒഴുകി പോകുന്ന തായി പഞ്ചായത്ത് അധികൃതർ കാണിച്ചുതന്നു. ആയതിനാൽ ഈ കെട്ടിടം 2011 ലെ കേരളപഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായാണ് നിർമ്മിച്ചിട്ടുള്ളത്. ആയതിനാൽ കെട്ടിടം പണി പൂർത്തീകരിച്ച 22/12/2016 മുതൽ മഴവെള്ള സംഭരണി സ്ഥാപിക്കുന്ന തിയ്യതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി പണി കഴിപ്പിച്ചിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും (17,899/- രൂപ+ലൈബ്രറി സെസ് -895/-രൂപ) അതോടൊപ്പം അതിന്റെ രണ്ട് ഇരട്ടി വരുന്ന തുകയും ചേർന്നുള്ള തുക (53,697/-രൂപ വസ്തുനികുതി + 2685/-രൂപ ലൈബ്രറി സെസ്) ഈടാക്കേണ്ടതാണ്. കെട്ടിടം 2016-17 രണ്ടാം അർദ്ധ |

| | | | |
|---|---|---|---|
| | | | വർഷത്തിലാണ് പണി പൂർത്തിയാക്കിയതെന്നതിനാൽ 2016-17 വർഷം മേൽ കണക്കാക്കിയതിന്റെ പകുതി അതായത് വസ്തുനികുതി 26,849/-രൂപയും ലൈബ്രറി സെസ്-1343/-രൂപയും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |
| 2 | റഷീദ്, അബ്ദുൾഷെരീഫ്,ചുണ്ടേൽ | വാണിജ്യം-3/675-A മുതൽ H വരെ-ഭൂനിരപ്പ് നില | 2011 ലെ കേരളപഞ്ചായത്ത് കെട്ടിട നിർമ്മാ ണ ചട്ടങ്ങളിലെ ചട്ടം 102 പ്രകാരം 100 ച.മീ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്കും മഴവെള്ള സംഭരണ സംവിധാനം ഒരുക്കേണ്ടതാണെങ്കിലും ആയത് ഈ കെട്ടിടത്തിൽ ഒരുക്കാത്തതിനാൽ മഴവെള്ളം പുറത്തേക്ക് ഒഴുകി പോകുന്നതായി പഞ്ചായത്ത് അധികൃതർ കാണിച്ചുതന്നു. ഈ കെട്ടിടം 2011ലെ കേരളപഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായാണ് നിർമ്മിച്ചിട്ടുള്ളത്. ആയതിനാൽ കെട്ടിടം പണി പൂർത്തീകരിച്ച 05.04.2016 മുതൽ മഴവെള്ള സംഭരണി സ്ഥാപിക്കുന്ന തിയ്യതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി പണി കഴിപ്പിച്ചിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായി രുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ട് ഇരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കി |

| | | | |
|---|---|---|---|
| | | | ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഈ കെട്ടിട ത്തിന്റെ ഒന്നാം നിലയ്ക്ക് നമ്പറിട്ടില്ലെങ്കിലും വാട്ടർ ടാങ്കുകളും മറ്റും ഈ നിലയിൽ അടുക്കി വെച്ചതായി കണ്ടു. (ഈ കെട്ടിടത്തിന്റെ ഭൂനിരപ്പ് നിലയിൽ ഹാർഡ് വേയർ ഷോപ്പ് പ്രവർത്തിക്കുന്നു). ആയതിനാൽ ഈ നിലയ്ക്ക് കൂടി വസ്തുനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |
| 3 | ഏണസ്റ്റിൻ മേരി ഡിക്രൂസ് | വാണിജ്യം- 14/390-A മുതൽ E വരെ -ഭൂനിരപ്പ് നില( തറ വിസ്തീർണ്ണം- 165.27 ച.മി) | 31.05.2017 ൽ സമർപ്പിച്ച ഭാഗിക പൂർത്തീ കരണ പ്ലാൻ പ്രകാരം ഭൂനിരപ്പ് നിലയുടെ തറ വിസ്തീർണ്ണം165.27ച.മി (കാർപ്പറ്റ് വിസ്തീർണ്ണം 99.162ച.മി). പൂർത്തീകരണ പ്ലാനോടൊപ്പം പാർക്കിംഗ് പ്ലാൻ സമർപ്പിച്ചിട്ടില്ല. കെട്ടിട പെർമ്മിറ്റിനായി സമർപ്പിച്ച പ്ലാനിൽ പാർ ക്കിംഗ് കാണിച്ചിട്ടുള്ളത് (9കാർ പാർക്കിംഗ്) ഈ പ്ലോട്ടിലുള്ള പാർപ്പിടത്തിലേക്കുള്ള വഴിയി ലാണ്. ആയത് ശരിയല്ല. സ്ഥലപരിശോധന യിൽ ഈ സ്ഥലത്ത് ഒരു കാർ പാർക്കിംഗി നുള്ള സ്ഥലം പോലുമില്ലായെന്ന് സംയുക്ത സ്ഥലപരിശോധനയ്ക്ക് വന്ന പഞ്ചായത്ത് അധികൃതർ കാണിച്ചുതന്നു. ആയതിനാൽ ഈ കെട്ടിടം 2011 ലെ കേരളപഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടം ചട്ടം 38ന് വിരുദ്ധ മായാണ് |

| | | | |
|---|---|---|---|
| | | | നിർമ്മിച്ചിട്ടുള്ളത്. ആയതിനാൽ കെട്ടിടം പണി പൂർത്തീകരിച്ച 31.05.2017 മുതൽ പൊളിച്ചുമാറ്റുന്ന തിയ്യതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി പണി കഴിപ്പിച്ചി രുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ട് ഇരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |

## 2-7 കെട്ടിടപെർമിറ്റിന് വിരുദ്ധമായും പെർമിറ്റില്ലാതെയും റിസോർട്ടിൽ കെട്ടിടങ്ങൾ പണിതു-ആവശ്യമായ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 13ാം വാർഡിൽ സ്ഥിതിചെയ്യുന്ന വൈത്തിരി വില്ലേജ് റിസോർട്ടിൽ പഞ്ചായത്ത് നല്കിയ കെട്ടിടപെർമ്മിറ്റിന് വിരുദ്ധമായും പെർമിറ്റില്ലാതെയും ആവശ്യമായ പാർക്കിംഗ് ഏർപ്പെടുത്താതെയും കെട്ടിടങ്ങൾ പണിതതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 26/16-17/21.07.17 ന് മറുപടി ലഭിച്ചില്ല. അപാകതകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെപ്പറയുന്നു.

വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 13ാം വാർഡിൽ സ്ഥിതിചെയ്യുന്ന വൈത്തിരി വില്ലേജ് റിസോർട്ടിൽ താഴെപ്പറയുന്ന പ്രകാരമുള്ള കെട്ടിട സമുച്ചയങ്ങളാണുള്ളത്.

1. കെട്ടിടപെർമിറ്റ് നം. 256/08 തിയ്യതി 11.03.08 ന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ച റസ്റ്റോറന്റ്, ട്രെയിനിംഗ് ഹാൾ, റിസപ്ഷൻ, കിച്ചൺ, കോൺഫറൻസ് ഹാൾ, ക്ലബ് ഹൗസ്, ബാൻക്വറ്റ് ഹാൾ, റസിഡൻഷ്യൽ റൂമുകൾ, മിനി ഹാൾ, ബോർഡ് റൂം തുടങ്ങിയവ ഉൾപ്പെടുന്ന കെട്ടിട സമുച്ചയം.
2. കെട്ടിട പെർമിറ്റ് നം.105/08-09 തിയ്യതി 17.07.08, കെട്ടിട പെർമിറ്റ് നം.-158/09-10 തിയ്യതി-07.12.09എന്നിവയുടെ അടിസ്ഥാനത്തിൽ നിർമ്മിച്ച ഹോട്ടൽ ബ്ലോക്ക്, കോട്ടേജുകൾ എന്നിവ.
3. കെട്ടിട പെർമിറ്റ് നം.143/14-15 ന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന 6 നില ഹോസ്റ്റൽ കെട്ടിടം.

മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നിർമ്മിതി, പാർക്കിംഗ്, വസ്തുനികുതി നിർണ്ണയം എന്നിവ

സംബന്ധിച്ച അപാകതകളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

A-കെട്ടിടപെർമിറ്റ് നം.256/08 തിയ്യതി 11.03.08

| | |
|---|---|
| അപേക്ഷകൻ | പി.കെ അബ്ദുൾഖാദർ c/o ഓറിയന്റൽ സ്കൂൾ ഓഫ് ഹോട്ടൽ മാനേജ്മെന്റ് എന്നവരുടെ 05.01.08 ലെ സ്കൂൾ, ഹോസ്റ്റൽ വിഭാഗത്തിൽപ്പെട്ട 12540.97 m2 തറ വിസ്തീർണ്ണമുള്ള മൂന്ന് നില കെട്ടിടം പണിയുന്നതിനുള്ള അപേക്ഷ. (29.03.2008 ലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ സി.1-135/07-08 ഉത്തരവ് പ്രകാരം കെട്ടിട പെർമിറ്റ് എൻ.കെ ഇബ്രാഹിംകുട്ടിയുടെ പേരിലേക്ക് മാറ്റി) നിലവിൽ കെട്ടിട ഉടമസ്ഥാവകാശം ഡോ. കെ.എ ആയിഷാബി എന്നവരുടെ പേരിലാണ് ).<br>സ്ഥാപനം<br>തറനില - 2505.49 m2<br>ഒന്നാം നില -2389.68 m2<br>രണ്ടാം നില -3226.92 m2<br>ആകെ -8122.09 m2<br>ഹോസ്റ്റൽ-3-യൂണിറ്റ്<br>ഓരോന്നിന്റെയും വിശദാംശങ്ങൾ<br>തറനില-411.58 m2<br>ഒന്നാം നില-530.66 m2<br>രണ്ടാം നില-530.66 m2<br>ആകെ-1472.9 m2 x 3 എണ്ണം=4418.70 m2 |
| പ്ലോട്ടിന്റെ വിശദാംശം | വൈത്തിരി താലൂക്കിലെ ചുണ്ടേൽ വില്ലേജിലെ റീസർവ്വേ നം. 155/1,157 /7,157/8 pt ൽ 23620.76 m2 സ്ഥലം |
| ചീഫ് ടൗൺ പ്ലാനർ അംഗീകരിച്ച പ്ലാനിന്റെ വിശദാംശം | നം.ഡി 1/785/08/ഡി.ഡിസ് തിയ്യതി 07.03.08<br>പ്ലാൻ നം.134/08<br>ചുണ്ടേൽ വില്ലേജിലെ റീസർവ്വേ നം. 155/1പാർട്ട്,2,3 157/7,8 പാർട്ട് ൽ പ്പെട്ട സ്ഥലത്ത് മൂന്ന് നിലകളായി 12,542 ച.മി വിദ്യാഭ്യാസ കെട്ടിടത്തിനുള്ള ലേഔട്ട് അംഗീകരിച്ചു.<br>വ്യവസ്ഥകൾ- 1)KMBR 99 ലെ വ്യവസ്ഥകൾ പാലിക്കണം.<br>2)സംസ്ഥാനമലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപ പത്രം ലഭ്യമാക്കണം |

| | |
|---|---|
| | 3)മഴവെള്ള സംഭരണത്തിന് നിയമാനുസൃത സംവിധാനം ഒരുക്കണം.<br><br>4) മാലിന്യനിർമ്മാർജ്ജത്തിന് സ്ഥലത്തുതന്നെ ക്രമീകരണങ്ങൾ ഒരുക്കണം. |

| | |
|---|---|
| വൈത്തിരി ഗ്രാമപഞ്ചായത്ത് നല്കിയ കെട്ടിടപെർമ്മിറ്റിന്റെ വിശദാംശങ്ങൾ | 256/08 തിയ്യതി 11.03.08<br><br>സ്ഥാപനം<br><br>തറനില-2505.49 m2<br><br>ഒന്നാം നില-2389.68 m2<br><br>രണ്ടാം നില-3226.92 m2<br><br>ആകെ-8122.09 m2<br><br>ഹോസ്റ്റൽ-3-യൂണിറ്റ്<br><br>ഓരോന്നിന്റെയും വിശദാംശങ്ങൾ<br><br>തറനില-411.58 m2<br><br>ഒന്നാം നില-530.66 m2<br><br>രണ്ടാം നില-530.66 m2<br><br>ആകെ-1472.9 m2x 3 എണ്ണം=4418.70 m2<br><br>വ്യവസ്ഥകൾ<br><br>1)KMBR 99 ലെ വ്യവസ്ഥകൾ പാലിക്കണം.<br><br>2)സംസ്ഥാനമലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപ പത്രം ലഭ്യമാക്കണം<br><br>3)മഴവെള്ള സംഭരണത്തിന് നിയമാനുസൃത സംവിധാനം ഒരുക്കണം.<br><br>4) മാലിന്യനിർമ്മാർജ്ജത്തിന് സ്ഥലത്തുതന്നെ ക്രമീകരണങ്ങൾ ഒരുക്കണം. |

1) 03/10/2010 ൽ പഞ്ചായത്തിൽ സമർപ്പിച്ച പൂർത്തീകരണപ്ലാൻ വിശദാംശങ്ങൾ

| | |
|---|---|
| തറ വിസ്തീർണ്ണം | 9612 m2<br><br>ബേസ്മെന്റ് നില-416 m2<br><br>ഭൂനിരപ്പ് നില-2498 m2 |

| | |
|---|---|
| | ഒന്നാം നില-3176 m2<br><br>രണ്ടാംനില-3522 m2<br><br>ആകെ-9612 m2 |
| കെട്ടിട നമ്പർ | 1) ബേസ്മെന്റ് നില-13/516,517-140.16 m2<br><br>92.16 m2(പ്ലാന്റ് )- ആകെ 232.32 m2<br><br>(വസ്തുനികുതി ഒഴിവ്)<br><br>2)ഭൂനിരപ്പ്നില-13/518-535വരെ(ബെഡ് റൂമുകൾ,റസ്റ്റോറന്റ്,ട്രെയിനിംഗ് ഹാൾ, റിസപ്ഷൻ,കിച്ചൺ തുടങ്ങിയവ)<br><br>ആകെ 1582.98 m2<br><br>3) ഒന്നാംനില- 13/536-550-(കോൺഫറൻസ് ഹാൾ,റസ്റ്റോറന്റ്,ക്ലബ് ഹൗസ്,ബാൻകറ്റ് ഹാൾ,റസിഡൻഷ്യൽ റൂമുകൾ,മിനി ഹാൾ,ബോർഡ് റൂം തുടങ്ങിയവ)-ആകെ-1745.11 m2<br><br>4)രണ്ടാംനില-13/551-577 വരെ-<br><br>(റസിഡൻഷ്യൽ റൂമുകൾ, ബാൻകറ്റ് ഹാൾ തുടങ്ങിയവ). ആകെ 2638.8 m2<br><br>എല്ലാ നിലയും കൂടി-6199.21 m2<br><br>നികുതി നിർണ്ണയച്ചത്-5966.89 m2<br><br>(പ്ലാന്റ് റൂമുകൾ ഒഴിവാക്കി) |

പഞ്ചായത്ത് മൂന്ന് നിലകെട്ടിടത്തിനാണ് കെട്ടിട പെർമിറ്റ് നൽകിയിട്ടുള്ളതെങ്കിലും നാല് നില കെട്ടിടത്തിനാണ് പൂർത്തീകരണ പ്ലാൻ സമർപ്പിക്കുകയും കെട്ടിട നമ്പർ നൽകുകയും ചെയ്തിട്ടുള്ളത്. കെട്ടിട ഉടമ സമർപ്പിച്ച പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 9612 ച.മീ. ആണ്. ആയതിൽ 5966.89 ച.മീ. തറ വിസ്തീർണ്ണത്തിനു മാത്രമാണ് വസ്തുനികുതി ഈടാക്കിയിട്ടുള്ളത്. എന്നാൽ ഡിവിഷണൽ ഓഫീസർ, ഫയർ &റസ്ക്യൂ സർവ്വീസ്, നോർത്തേൺ ഡിവിഷൻ, കോഴിക്കോട് നൽകിയ ഫൈനൽ എൻ.ഒ.സി പ്രകാരം (ഇ-10494/14തിയ്യതി31.12.2014പ്രകാരം) കെട്ടിട സമുച്ചയത്തിന്റെ തറവിസ്തീർണ്ണം 10875.85 m2 ആണ്. വിശദാംശങ്ങൾ ചുവടെ.

| | |
|---|---|
| സെല്ലാർ | 416 m2(പ്ലാന്റ് 232.32 ച.മീ.) |
| ഭൂനിരപ്പ് | 3356.83m2 |
| ഒന്നാംനില | 3356.83m2 |
| രണ്ടാംനില | 3746.19 (ആകെ 10875.85m2) |

പൂർത്തീകരണ പ്ലാൻ അസിസ്റ്റന്റ് എഞ്ചിനീയറോ സെക്രട്ടറിയോ ഒപ്പുവെച്ചിട്ടില്ല.

പൂർത്തീകരണപ്ലാനോടൊപ്പം പാർക്കിംഗ് പ്ലാൻ സമർപ്പിച്ചിട്ടില്ല. ഓവർസിയറുടെ റിപ്പോർട്ടിൽ പാർക്കിംഗ് സൗകര്യം സംബന്ധിച്ച് യാതൊരു പരാമർശവുമില്ല. ആയതിനാൽ 20.07.2017 ന് പഞ്ചായത്ത് അധികൃതരോടൊപ്പം സംയുക്തമായി സ്ഥലം നന്ദർശിച്ചു. ഈ റിസോർട്ടിൽ ആയുർവ്വേദ മസാജിംഗ്, സ്പാ എന്നീ സൗകര്യങ്ങളുള്ളതായി ഉദ്യോഗസ്ഥർ കാണിച്ചുതന്നു. റിസോർട്ടിന്റെ മുൻഭാഗത്തെ പരിമിതമായ പാർക്കിംഗ് സ്ഥലമാണ് പഞ്ചായത്ത് അധികൃതർ പാർക്കിംഗ് സ്ഥലമായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. പഞ്ചായത്ത് നൽകിയ കെട്ടിട നമ്പർ പതിച്ച ഒരു കെട്ടിടവും ഓഡിറ്റിന് കാണിച്ചു തരുവാൻ പഞ്ചായത്ത് അധികൃതർക്ക് സാധിച്ചിട്ടില്ല.

പഞ്ചായത്തിൽ സമർപ്പിച്ച പൂർത്തീകരണ പ്ലാൻ പ്രകാരം ആവശ്യമായ പാർക്കിംഗ്

ഈ കെട്ടിട സമുച്ചയത്തിന്റെ ഒന്നാം നിലയിലും രണ്ടാം നിലയിലും 20 ച.മി കൂടുതൽ കാർപ്പറ്റ് വിസ്തീർണ്ണമുള്ള ബാത്ത് അറ്റാച്ച്ഡ് ആയ യഥാക്രമം 4 ഉം 24 ഉം റസിഡൻഷ്യൽ റൂമുകൾ ഉണ്ട്. കൂടാതെ തറനിലയിൽ 240.48 ച.മീറ്ററും ഒന്നാം നിലയിൽ 186.72 ച.മീ തറ വിസ്തീർണ്ണമുള്ള റെസ്റ്റോറന്റും ഉണ്ട്. (കാർപ്പറ്റ് വിസ്തീർണ്ണം-356 ച.മീ. (20% ചുമർകനം കുറച്ച്). 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 38(പട്ടിക4ബി(1)) പ്രകാരം 20 ച.മീ. കൂടുതൽ കാർപ്പറ്റ് വിസ്തീർണ്ണമുള്ള ബാത്ത് അറ്റാച്ച്ഡ് ആയ ഓരോ 1.5 മുറികൾക്കോ അതിന്റെ അംശത്തിനോ ഒരു പാർക്കിംഗ് സ്ഥലം(15ച.മീ.) ആവശ്യമാണ്. ആയതിനാൽ മേൽപ്പരാമർശിച്ച മുറികൾക്കായി 19 പാർക്കിംഗ് സ്ഥലം (19x15=285 ച.മീ) ആവശ്യമാണ്. ഇതു കൂടാതെ റെസ്റ്റോറന്റുകൾക്ക് ഓരോ 20 ച.മീ. കാർപ്പറ്റ് വിസ്തീർണ്ണത്തിനും ഒരു പാർക്കിംഗ് സ്ഥലം എന്ന തോതിൽ 18 പാർക്കിംഗ് സ്ഥലവും ആവശ്യമാണ്(18x15=270ച.മീ). ആകെ-555 ച.മീ.

ഈ റിസോർട്ടിൽ നിലവിൽ ഈ കെട്ടിടസമുച്ചയത്തിന് പുറമെ പൂർത്തിയാക്കിയ ഹോട്ടൽ,കോട്ടേജ് എന്നിവയടങ്ങുന്ന കെട്ടിട സമുച്ചയത്തിന് (കെട്ടിട പെർമിറ്റ് നം.105/08-09 തിയ്യതി 17.07.08,കെട്ടിട പെർമിറ്റ് നം.-158/09-10 തിയ്യതി-07.12.09എന്നിവയുടെ അടിസ്ഥാനത്തിൽ നിർമ്മിച്ചവ) 47 പാർക്കിംഗ് സ്ഥലവും (705 ച.മീ.) അടക്കം 1260ച.മീ പാർക്കിംഗ് സ്ഥലം ആവശ്യമാണെങ്കിലും (വിശദാംശങ്ങൾ ഈ കെട്ടിടസമുച്ചയത്തിന്റെ പെർമിറ്റുമായി ബന്ധപ്പെട്ട ഖണ്ഡികയിൽ) നിലവിൽ ഈ റിസോർട്ടിന്റെ മുൻഭാഗത്തായി വളരെ പരിമിതമായ പാർക്കിംഗ് സ്ഥലം മാത്രമേ ഓഡിറ്റിനെ കാണിച്ചു തരുവാൻ പഞ്ചായത്ത് അധികൃതർക്ക് സാധിച്ചുള്ളൂ. ആയതിനാൽ ഇക്കാര്യത്തിൽ പഞ്ചായത്ത് വിശദമായ പരിശോധന നടത്തി, പഞ്ചായത്ത് നൽകിയ കെട്ടിട പെർമിറ്റിന് വിരുദ്ധമായും പെർമിറ്റില്ലാതെയുമാണ് പണി പൂർത്തീകരിച്ചതെന്ന് തെളിഞ്ഞാൽ കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 235 എഎ പ്രകാരം കെട്ടിടം പണി പൂർത്തിയാക്കിയ 03.10.2010 മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി പണി കഴിപ്പിച്ചിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ട് ഇരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

എ) 31.03.2013 വരെയുള്ള കാലയളവ്.

ഈ കെട്ടിടത്തിന് വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച വസ്തുനികുതിയുടെ മൂന്നിരട്ടി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) 01. 04. 2013 മുതൽ (തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

കെട്ടിട ഉടമ സമർപ്പിച്ച പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 9612 ച.മീ. ആണ്. ആയതിൽ 5734.60 ച.മീ. തറ വിസ്തീർണ്ണത്തിനു മാത്രമാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത്. എന്നാൽ ഡിവിഷണൽ ഓഫീസർ, ഫയർ &റസ്ക്യൂ സർവ്വീസ്, നോർത്തേൺ ഡിവിഷൻ, കോഴിക്കോട് നല്കിയ ഫൈനൽ എൻ.ഒ.സി. പ്രകാരം (ഇ -10494/14 തിയ്യതി 31.12.2014പ്രകാരം) കെട്ടിടസമുച്ചയത്തിന്റെ തറവിസ്തീർണ്ണം ഇപ്രകാരമാണ്.

| | |
|---|---|
| തറവിസ്തീർണ്ണം | 10875.85 m2 |
| കാർപ്പറ്റ് വിസ്തീർണ്ണം | 8700.67m2 |
| സെല്ലാർ | 416 m2 (ഇതിൽ പ്ലാന്റ് 232.3 m2) |
| ഭൂനിരപ്പ് നില | 3356.83 m2 |
| ഒന്നാം നില | 3356.83 m2 (ഇതിൽ ആയുർവ്വേദ സ്പാ 191.04 m2) |
| രണ്ടാം നില | 3746.19 m2 |
| ആകെ | 10875.85 m2 |

ആയതിൽ ബേസ് മെന്റ് നിലയിലെ പ്ലാന്റിന്റെ വിസ്തീർണ്ണം (232.32 m2) ഒഴിച്ച് 10643.53 ച.മീ. തറ വിസ്തീർണ്ണത്തിന് വസ്തുനികുതി ഈടാക്കേണ്ടതാണെങ്കിലും 5734.60 ച.മീ.തറ വിസ്തീർണ്ണത്തിനു മാത്രമാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത്. ആയതിനാൽ 10875.85 ച.മീ തറവിസ്തീർണ്ണമുള്ള ഈ കെട്ടിടസമുച്ചയത്തിലെ 10452.49 ച.മീ തറ വിസ്തീർണ്ണത്തിന് (191.04 ച.മി തറ വിസ്തീർണ്ണമുള്ള ആയുർവേദ സ്പായ്ക്ക് ഒഴിച്ച്) 01.04.2013 മുതൽ ഒരു ച.മീ 240/- രൂപ നിരക്കിലും (റിസോർട്ടിന്റെ അടിസ്ഥാന നിരക്കായ 80/-രൂപയുടെ മൂന്നിരട്ടി) 191.04 ച.മി തറ വിസ്തീർണ്ണമുള്ള ആയുർവേദ സ്പായ്ക്ക് 23/02/15 വരെ ഒരു ച.മീറ്ററിന് 240/- രൂപ നിരക്കിലും (റിസോർട്ടിന്റെ അടിസ്ഥാന നിരക്കായ 80/-രൂപയുടെ മൂന്നിരട്ടി) സ.ഉ (അ)നം. 36/2015 /തസ്വഭവ തിയ്യതി 24/02/15 പ്രകാരം 24/02/15 മുതൽ ഒരു ച.മീറ്ററിന് 480/-രൂപ നിരക്കിലും (ആയുർവേദ സ്പായുടെ അടിസ്ഥാന നിരക്കായ 160/-രൂപയുടെ മൂന്നിരട്ടി) വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| നില/ തറ വിസ്തീർണ്ണം | നിർണ്ണയിക്കേണ്ട വസ്തു നികുതി | നിർണ്ണയിക്കേണ്ട ലൈബ്രറി സെസ് | നിർണ്ണയിച്ച വസ്തു നികുതി (അസസ് മെന്റ് രജിസ്റ്റർ പ്രകാരം) | നിർണ്ണയിച്ച ലൈബ്രറി സെസ് | കുറവായി നിർണ്ണയിച്ച വസ്തു നികുതി | കുറവായി നിർണ്ണയിച്ച ലൈബ്രറി സെസ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 10452.49ച.മീ.<br>ഭൂഗർഭ നില<br>(പ്ലാന്റ് ഒഴികെ)+ തറനില+ഒന്നാം നില(സ്പാ ഒഴികെ)+ രണ്ടാം നില | 10452.49x 240x1.2<br>= 3010317 | 150516 | 472649 | 23632 | 2537668 | 126884 |
| ഒന്നാം നില<br>ആയുർ വേദ സ്പാ 191.04 ച.മീ.<br>1) 01.04.2013 മുതൽ 31.03.2015 വരെ | 191.04x<br>240x1.2<br>= 55020 | 2751 | നിർണ്ണയിച്ചിട്ടില്ല. | 0 | 55020 | 2751 |
| ഒന്നാം നില<br>ആയുർവേദ സ്പാ-191.04 ച.മീ.(01.04.2015 മുതൽ) അടിസ്ഥാന വസ്തുനികുതി നിരക്ക്-480/-<br>(160 x 3) | 191.04x 480x1.2 =1,10,039 | 5502/- | നിർണ്ണയിച്ചിട്ടില്ല | 0 | 1,10,039 | 5502 |

ആയുർവേദ സ്പാ ഒഴിച്ചുള്ള കെട്ടിടത്തിന്റെ 2016-17 വരെയുള്ള വസ്തുനികുതി കുടിശ്ശിക-

1)

| 2013-14മുതൽ2016-17വരെയുള്ള വസ്തുനികുതി കുടിശ്ശിക | 2013-14മുതൽ2016-17വരെയുള്ള ലൈബ്രറി സെസ് കുടിശ്ശിക |
|---|---|
| 2537668x4 = 10150672 | 126884x4 = 507536 |

ആകെ വസ്തു നികുതി കുടിശ്ശിക - 10150672

ആകെ ലൈബ്രറി സെസ് കുടിശ്ശിക - 507536

ആകെ - 1,06,58,208

2) ആയുർവേദ സ്പാ കെട്ടിടത്തിന്റെ 2016-17 വരെയുള്ള വസ്തുനികുതി കുടിശ്ശിക

| | വസ്തു നികുതി കുടിശ്ശിക | ലൈബ്രറി സെസ് കുടിശ്ശിക |
|---|---|---|
| 01.04.2013 മുതൽ 31.03.2015 വരെ | 2013-14 - 55020<br>2014-15 - 55020<br>110040 | 2751x2 = 5502 |
| 01.04.2015 മുതൽ 31.03.2017 വരെ | 110039x3 = 330117 | 5502X3 = 16506 |
| ആകെ | 440157 | 22008 |

ആയുർവേദ സ്പാ കെട്ടിടത്തിന്റെ 2016-17വരെയുള്ള വസ്തുനികുതികുടിശ്ശിക 440157/-

ആയുർവേദ സ്പാ കെട്ടിടത്തിന്റെ 2016-17 വരെയുള്ള ലൈബ്രറിസെസ് കുടിശ്ശിക 22008/-

ഈ കെട്ടിടസമുച്ചയത്തിന്റെ 2016-17 വരെയുള്ള വസ്തുനികുതി കുടിശ്ശിക-(1+2) = 10590829/-

ഈ കെട്ടിടസമുച്ചയത്തിന്റെ 2016-17 വരെയുള്ള ലൈബ്രറിസെസ് കുടിശ്ശിക-(1+2) = 529544/-

ആകെ കുടിശ്ശിക - 1,11,20,373/-

മേൽ കണക്കാക്കിയ കുടിശ്ശിക 01.04.2013 മുതലുള്ളതാണ്. 03.10.2010 മുതൽ 31.03.2013 വരെയുള്ള കാലയളവിലെ വസ്തുനികുതി കുടിശ്ശിക (ഈ കാലയളവിൽ ഇൗ കെട്ടിടത്തിന് വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച വസ്തുനികുതിയുടെ മൂന്നിരട്ടി) ഇതിനു പുറമേയാണ്. ആയതിനാൽ പഞ്ചായത്ത് ഇക്കാര്യത്തിൽ വിശദമായ പരിശോധന നടത്തി, പഞ്ചായത്തിന് നഷ്ടമായ വസ്തുനികുതി, പലിശ സഹിതം വസ്തുനികതി നിർണ്ണയിച്ചതിൽ പാളിച്ച വരുത്തിയവരിൽ നിന്നും ഈടാക്കി വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഈ റിസോർട്ടിലെ ചില മുറികളെ റിസോർട്ടായിട്ടല്ല വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ | കെട്ടിട നമ്പർ/തറ | അസ്സ്മെന്റ് രജിസ്റ്റർ | നിർണ്ണയിച്ച | നിർണ്ണയി |
|---|---|---|---|---|

| നം. | വിസ്തീർണ്ണം(ച.മീ) | പ്രകാരം മുറികളുടെ ഉപയോഗക്രമം | വസ്തുനികുതി/ ലൈബ്രറി സെസ് | ക്കേണ്ടിയിരുന്ന വസ്തു നികുതി |
|---|---|---|---|---|
| 1 | 13/518/240.48 | വാണിജ്യം | 13227/662 | 240.48x80x1.2 = 23086/1154 |
| 2 | 13/519/200.64 | „ | 13243/663 | 200.64x80x1.2 =19261/963 |
| 3 | 13/520/36.96 | സ്റ്റോർ റൂം | 1848/93 | 36.96x80x1.2 =3548/177 |
| 4 | 13/522/36.96 | വാണിജ്യം | 1800/90 | 36.96x80x1.2 =3548/177 |
| 5 | 13/528/99.84 | ട്രെയിനിംഗ് ഹാൾ | 4393/220 | 99.84x80x1.2 =9585/479 |
| 6 | 13/531/61.44 | പാർപ്പിടം | 1000/188 | 61.44x80x1.2 =5898/300 |
| 7 | 13/540/24.15 | „ | 0 | 24.15x80x1.2 =2318/116 |
| 8 | 13/575/55.2 | റെസിഡൻഷ്യൽ റൂം | 6250/313 | 55.2x80x1.2 =5300/265 |
| 9 | 13/576/55.2 | „ | 3036/152 | 55.2x80x1.2 =5300/26 |

റിസോർട്ടിലെ മുറികൾക്ക് റിസോർട്ടായിട്ടാണ് വസ്തുനികുതി നിർണ്ണയിക്കേണ്ടത്. (ഈ മുറികളുടെ യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി മേൽ ഖണ്ഡികയിൽ കണക്കാക്കിയിട്ടുണ്ട്)

B-1) കെട്ടിട പെർമിറ്റ് നം.105/08-09 തിയ്യതി 17.07.08

2) കെട്ടിട പെർമിറ്റ് നം.-158/09-10 തിയ്യതി-07.12.09

| | |
|---|---|
| അപേക്ഷക | ഡോ.കെ.എ ആയിഷാബി, ഗ്രീഷ്മം റിസോർട്ട്സ് (പ്രൈവറ്റ്) ലിമിറ്റഡി ന്റെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.04.08 ലെ സ്പെഷ്യൽ റസിഡൻസ് വിഭാഗത്തിൽപ്പെട്ട 9038 m2 തറ വിസ്തീർണ്ണമുള്ള മൂന്ന് നില കെട്ടിടം പണിയുന്നതിനുള്ള |

| | |
|---|---|
| | അപേക്ഷ.<br><br>തറനില-4920 m2<br><br>ഒന്നാം നില-2877 m2<br><br>രണ്ടാം നില-1204 m2<br><br>റൂഫ്-37 m2<br><br>ആകെ-9038 m2 |
| പ്ലോട്ടിന്റെ വിശദാംശം | വൈത്തിരി താലൂക്കിലെ ചുണ്ടേൽ വില്ലേജിലെ<br><br>റീസർവ്വേ നം. 156/1,2,3,155/2,3 ൽ 2.72 ഹെക്ടർ സ്ഥലം |
| ചീഫ് ടൗൺ പ്ലാനർ അംഗീകരിച്ച പ്ലാനിന്റെ വിശദാംശം | നം.ഡി 1/3947/08/ഡി.ഡിസ് തിയ്യതി 24.06.08<br><br>പ്ലാൻ നം.489/08.<br><br>ചുണ്ടേൽ വില്ലേജിലെ റീസർവ്വേ നം. 156/1പാർട്ട്,2,3 155/3, 157/8 പാർട്ട് ൽ പ്പെട്ട 2.72 ഹെക്ടർ സ്ഥലത്ത് വിവിധോദ്ദേശ്യ കെട്ടിടങ്ങൾക്കുള്ള ലേഔട്ട് അംഗീകരിച്ചു.<br><br>റിസപ്ഷൻ ബ്ലോക്ക്-848 m2<br><br>ഹോട്ടൽ-2818 m2 (തറനില,ഒന്നാം നില,രണ്ടാം നില,റൂഫ്)<br><br>ക്ലബ് ഹൗസ്-912 m2<br><br>ഹെൽത്ത് ക്ലബ്-300 m2<br><br>ട്വിൻ കോട്ടേജ്-11 എണ്ണം-1276 m2<br><br>4 യൂണിറ്റ് കോട്ടേജ്-10 എണ്ണം-2320 m2<br><br>സ്റ്റാഫ് ക്വാർട്ടേഴ്സ്-564 m2<br><br>ആകെ-9038 m2<br><br>വ്യവസ്ഥകൾ-<br><br>1)KMBR 99 ലെ വ്യവസ്ഥകൾ പാലിക്കണം.<br><br>2)കെട്ടിട നിർമ്മിതി ഭൂമിയുടെ കിടപ്പിന് ഹാനികരമാകരുത്.<br><br>3)തോടിന്റെ ഒഴുക്ക് തടസ്സപ്പെടുത്തരുത്,മലിനമാക്കരുത്. |
| വൈത്തിരി ഗ്രാമപഞ്ചായത്ത് നല്കിയ കെട്ടിടപെർമ്മിറ്റിന്റെ | 105/08-09 തിയ്യതി 17.07.08<br><br>തറനില-4920 m2 |

| | |
|---|---|
| വിശദാംശങ്ങൾ | ഒന്നാം നില-2877 m2<br><br>രണ്ടാം നില-1204 m2<br><br>റൂഫ്-37 m2<br><br>ആകെ-9038 m2<br><br>വ്യവസ്ഥകൾ<br><br>1. KMBR 99 ലെ വ്യവസ്ഥകൾ പാലിക്കണം.<br><br>2. പുഴ തടസ്സപ്പെടുത്തരുത്<br><br>3. KMBR ചട്ടം-22 പാലിക്കണം. |

മേൽ പെർമിറ്റുകൾ പ്രകാരം 5 ഘട്ടമായിട്ടാണ് പൂർത്തീകരണ പ്ലാൻ സമർപ്പിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

1) 01.10.2009ന് സമർപ്പിച്ച പൂർത്തീകരണപ്ലാൻ വിശദാംശങ്ങൾ - ഹോട്ടൽ ബ്ലോക്ക്

| | |
|---|---|
| തറ വിസ്തീർണ്ണം | 2828 m2 - ഹോട്ടൽ ബ്ലോക്ക്<br><br>തറ നില-777 m2<br><br>ഒന്നാം നില-941 m2<br><br>രണ്ടാം നില-1057 m2<br><br>മേൽക്കൂര-53 m2<br><br>ആകെ-2828 m2 |
| ഉപയോഗക്രമം<br><br>ബെഡ്റൂമുകൾ-36(5.87x3.8) ബാത്ത് റൂം അറ്റാച്ച്ഡ്,ഹൗസ് കീപ്പിംഗ്-1, റെസ്റ്റോറന്റ്-1, കിച്ചൺ-1 എന്നിങ്ങനെ വ്യത്യസ്ത തറവിസ്തീർണ്ണമുള്ള 40 മുറികൾ | 52.2 m2വിസ്തീർണ്ണമുള്ള 40 മുറികളായി 2088 m2 തറ വിസ്തീർണ്ണത്തിനാണ് വസ്തുനികുതി നിർണ്ണയച്ചിട്ടുള്ളത്. (പഴയത് കെട്ടിടനമ്പർ-IV-29-A- IV-29-AN അസസ്മെന്റ് രജിസ്റ്റർ പ്രകാരം) പുതിയത്-13/476-515 |

2) 10.06.2011ന് സമർപ്പിച്ച പൂർത്തീകരണ പ്ലാൻ വിശദാംശങ്ങൾ-ട്വിൻ കോട്ടേജുകൾ

| | |
|---|---|
| തറ വിസ്തീർണ്ണം | 807 m2<br><br>ട്വിൻ കോട്ടേജ്-2 എണ്ണം തറനില മാത്രം-131 m2വീതം 2 എണ്ണം<br><br>ആകെ തറവിസ്തീർണ്ണം(262 m2)-ഓരോന്നിലും 485x440 വിസ്തീർണ്ണമുള്ള രണ്ട് ബെഡ്റൂമുകൾ (ആകെ -4 എണ്ണം)<br><br>അറ്റാച്ച്ഡ് ബാത്ത് റൂം, ബാൽക്കണി.<br><br>2) 4 യൂണിറ്റ് കോട്ടേജ്-എ<br><br>തറനില-131 m2(485x440 വിസ്തീർണ്ണമുള്ള രണ്ട് ബെഡ്റൂമുകൾ), ഒന്നാംനില-152m2(485x440 വിസ്തീർണ്ണമുള്ള രണ്ട് ബെഡ്റൂമുകൾ). അറ്റാച്ച്ഡ് ബാത്ത് റൂം,ബാൽക്കണി-ആകെ-283 m2 .<br><br>3) 4 യൂണിറ്റ് കോട്ടേജ്-ബി-തറ നില-131 m2(485x440 വിസ്തീർണ്ണമുള്ള രണ്ട് ബെഡ്റൂമുകൾ),ഒന്നാംനില-152 m2(485x440 വിസ്തീർണ്ണമുള്ള രണ്ട് ബെഡ്റൂമുകൾ). അറ്റാച്ച്ഡ് ബാത്ത് റൂം, ബാൽക്കണി. ആകെ-283 m2.<br><br>ആകെ-807m2 |
| കെട്ടിട നമ്പർ | IV-29 AP-29 AS(പുതിയത്-13/515-A-D) |

3) 30.09.14ന് സമർപ്പിച്ച പൂർത്തീകരണ പ്ലാൻ വിശദാംശങ്ങൾ

| | |
|---|---|
| തറ വിസ്തീർണ്ണം | 2454.90 m2<br><br>ഹോട്ടൽ റൂഫ്-1158.54 m2(പെർമ്മിറ്റ് നം.-158/09-10 തിയ്യതി-07.12.09 പ്രകാരം അനുവദിച്ചത്)<br><br>ട്വിൻ കോട്ടേജ്-4എണ്ണം-<br><br>1)തറനില – 150.39 m2 .<br><br>ഒന്നാംനില- 150.39 m2<br><br>(ഓരോ നിലയിലും 350x640 വിസ്തീർണ്ണമുള്ള 2 ബെഡ്റൂമുകൾ-അറ്റാച്ച്ഡ്ബാത്ത് റൂം,സ്വിമ്മിംഗ് പൂൾ)<br><br>ആകെ-300.78 m2<br><br>2)തറനില – 165.93 m2<br><br>ഒന്നാംനില- 165.93 m2<br><br>(ഓരോ നിലയിലും 365x600 വിസ്തീർണ്ണമുള്ള 2 ബെഡ്റൂമുകൾ-അറ്റാച്ച്ഡ്ബാത്ത് റൂം,സ്വിമ്മിംഗ് പൂൾ)<br><br>ആകെ-331.86 m2 .<br><br>3)തറനില - 165.93 m2<br><br>ഒന്നാംനില- 165.93 m2 (ഓരോ നിലയിലും 365x600 വിസ്തീർണ്ണമുള്ള 2 ബെഡ്റൂമുകൾ-അറ്റാച്ച്ഡ്ബാത്ത് റൂം,സ്വിമ്മിംഗ് പൂൾ)<br><br>ആകെ-331.86 m2<br><br>4)തറനില - 165.93 m2 ഒന്നാംനില- 165.93 m2<br><br>(ഓരോ നിലയിലും 365x600 വിസ്തീർണ്ണമുള്ള 2 ബെഡ്റൂമുകൾ-അറ്റാച്ച്ഡ്ബാത്ത് റൂം,സ്വിമ്മിംഗ് പൂൾ)<br><br>ആകെ-331.86 m2<br><br>ആകെ-2454.90 m2 |

| | |
|---|---|
| | |
| പഴയകെട്ടിട നമ്പർ | IV-29 BL-29 BP(ഓരോ കോട്ടേജിനും ഒരു നമ്പർ,റൂഫിന് IV-29-BP)<br>പുതിയത്-13/515-W-AA |

4) A1-3721/15 തിയ്യതി-13/04/15 നമ്പർ തപാൽ പ്രകാരം സമർപ്പിച്ച പൂർത്തീകരണപ്ലാൻ

| | |
|---|---|
| തറ വിസ്തീർണ്ണം | 995.88 m2<br>ട്വിൻ കോട്ടേജ്-3എണ്ണം-<br>1)തറനില – 165.93 m2 ഒന്നാംനില- 165.93 m2<br>( ഓരോ നിലയിലും 365x568 വിസ്തീർണ്ണമുള്ള 2 ബെഡ്റൂമുകൾ അറ്റാച്ച്ഡ്ബാത്ത് റൂം,ഹാൾ)<br>ആകെ-331.86 m2<br>ആകെ-995.88 m2 . |

| | |
|---|---|
| | |
| കെട്ടിട നമ്പർ | 13/515-AB-AM(82.96 m2 തറ വിസ്തീർണ്ണമുള്ള 12 മുറികൾ) |

5) A1-8111 തിയ്യതി-11.08.16 നമ്പർ തപാൽ പ്രകാരം സമർപ്പിച്ച പൂർത്തീകരണ പ്ലാൻ വിശദാംശങ്ങൾ

| | |
|---|---|
| തറ വിസ്തീർണ്ണം | 327.55 m2<br>ട്വിൻ കോട്ടേജ്-1എണ്ണം-<br>1)തറനില – 180.59 m2 ഒന്നാംനില- 146.96 m2<br>(ഓരോ നിലയിലും 777x325 വിസ്തീർണ്ണമുള്ള 2 ബെഡ്റൂമുകൾ-അറ്റാച്ച്ഡ്ബാത്ത് റൂം,ഹാൾ)<br>ആകെ-327.55 m2 |
| പുതിയ കെട്ടിട നമ്പർ | 13/575-AN-AQ(90.28m2,90.30 m2, 73.48 m2,73.48 m2 തറ വിസ്തീർണ്ണമുള്ള 4 മുറികൾ) |

| | |
|---|---|
| | |

ഫയൽ പരിശോധിച്ചതിൽ മേൽപ്പരാമർശിച്ച ഭാഗിക പൂർത്തീകരണ പ്ലാനുകളിലൊന്നിലും അസിസ്റ്റന്റ് എഞ്ചിനീയറോ സെക്രട്ടറിയോ ഒപ്പുവെച്ചിട്ടില്ല. കൂടാതെ പൂർത്തീകരണപ്ലാനുകളോടൊപ്പം പാർക്കിംഗ് പ്ലാൻ സമർപ്പിച്ചിട്ടില്ല. ഓവർസിയറുടെ റിപ്പോർട്ടിൽ പാർക്കിംഗ് സൗകര്യം സംബന്ധിച്ച് യാതൊരു പരാമർശവുമില്ല. ആയതിനാൽ പഞ്ചായത്ത് ഉദ്യോഗസ്ഥരോടൊപ്പം 20.07.2017 ന് സംയുക്ത പരിശോധന നടത്തി.

സ്ഥലപരിശോധനാ വേളയിൽ പഞ്ചായത്ത് അധികൃതർ ഈ റിസോർട്ടിൽ തറ നിലയും മുകളിൽ ബാൽക്കണിയുമുള്ള രണ്ട് കോട്ടേജുകളും രണ്ട് നിലയും ബാൽക്കണിയുമുള്ള ഒരു കോട്ടേജും രണ്ട് നിലയുള്ള 4 കോട്ടേജുകളും മൂന്ന് നിലയോടുകൂടിയ 6 കോട്ടേജുകളും ഹോട്ടൽ ബ്ലോക്കും സ്വിമ്മിംഗ്പൂളിനോട് ചേർന്ന ഒരു കെട്ടിടവും ഓഡിറ്റിന് കാണിച്ചുതന്നു. എന്നാൽ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 12 കോട്ടേജുകൾക്കും ഹോട്ടൽ ബ്ലോക്കിനും മാത്രമേ നികുതി നിർണ്ണയിച്ചിട്ടുള്ളൂ. നിലവിൽ പഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ ഭാഗിക പൂർത്തീകരണ പ്ലാനുകൾ പ്രകാരം രണ്ട് നിലയിൽ കൂടുതലുള്ള ഒരു കോട്ടേജിനും അനുമതി നല്കുകയോ ഉടമ പൂർത്തീകരണ പ്ലാൻ സമർപ്പിക്കുകയോ ചെയ്തിട്ടില്ലെങ്കിലും മൂന്ന് നിലയോടുകൂടിയ 6 കോട്ടേജുകളും സ്വിമ്മിംഗ്പൂളും അതിനോട് ചേർന്ന ഒരു കെട്ടിടവും അവിടെ സ്ഥിതി ചെയ്യുന്നതായി കണ്ടു. സംയുക്ത സ്ഥലപരിശോധനവേളയിൽ കോട്ടേജുകൾക്കൊന്നും പഞ്ചായത്ത് നൽകിയ നമ്പർ പതിച്ചതായി കണ്ടില്ല. സ്ഥല പരിശോധനയ്ക്ക് കൂടെ വന്ന പഞ്ചായത്തിലെ ഉദ്യോഗസ്ഥർക്ക് റിസോർട്ടിലെ ഓരോ കോട്ടേജും ഏതാണെന്ന് ഓഡിറ്റിനെ ബോധ്യപ്പെടുത്താൻ സാധിച്ചില്ല. റിസോർട്ടിന്റെ മുൻഭാഗത്തുള്ള വളരെ പരിമിതമായ സ്ഥലമാണ് പാർക്കിംഗ് സ്ഥലമായി കൂടെ വന്ന പഞ്ചായത്ത് അധികൃതർ ഓഡിറ്റിന് കാണിച്ചു തന്നത്. പല കോട്ടേജുകളും സ്വിമ്മിംഗ് പൂൾ, അതിനോടനുബന്ധിച്ച കെട്ടിടം, ഹോട്ടൽ ബ്ലോക്ക് എന്നിവ പുഴയുടെ വളരെ അടുത്ത് നിർമ്മിച്ചിട്ടുള്ളതായി പഞ്ചായത്ത് അധികൃതർ ഓഡിറ്റിനെ കാണിച്ചുതന്നു.

പഞ്ചായത്തിൽ സമർപ്പിച്ച വിവിധ ഭാഗിക പൂർത്തീകരണ പ്ലാനുകൾ പ്രകാരം ആവശ്യമായ പാർക്കിംഗ്

പഞ്ചായത്തിൽ സമർപ്പിച്ച വിവിധ ഭാഗിക പൂർത്തീകരണ പ്ലാനുകൾ പ്രകാരം, 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 38(പട്ടിക4ബി(1)) യുടെ അടിസ്ഥാനത്തിൽ ഈ റിസോർട്ടിലെ കോട്ടേജുകളിലെയും ഹോട്ടൽ ബ്ലോക്കിലെയും മുറികളുടെ കാർപ്പറ്റ് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പാർക്കിംഗ് ഇപ്രകാരമാണ്.

1) ഹോട്ടൽ ബ്ലോക്കിലെ ബാത്ത് അറ്റാച്ഡ് ആയ 20 ച.മീ കൂടുതൽ കാർപ്പറ്റ് വിസ്തീർണ്ണമുള്ള മുറികളുടെ എണ്ണം-36. ഇവയ്ക്ക് ആവശ്യമായ പാർക്കിംഗ് =36/1.5= 24 പാർക്കിംഗ് യൂണിറ്റ്=24x15=360 ച.മീ.

2) ഹോട്ടൽ ബ്ലോക്കിലെ റസ്റ്റോറന്റിന്റെ തറ വിസ്തീർണ്ണം-52.2 ച.മീ. ആയതിനാൽ കാർപ്പറ്റ് വിസ്തീർണ്ണം ചുമർകനം 20 % കുറച്ചാൽ 41.76 ച.മീ. ആയതിന് ആവശ്യമായ പാർക്കിംഗ് 41.76/20 = 2.08 = 3 പാർക്കിംഗ് യൂണിറ്റ്=45 ച.മീ. (20 ച.മീ കാർപ്പറ്റ് വിസ്തീർണ്ണത്തിന് ഒരു പാർക്കിംഗ് ആവശ്യമാണ്).

3) ഈ റിസോർട്ടിലെ കോട്ടേജുകളിലെ ബാത്ത് അറ്റാച്ഡ് ആയ 20 ച.മീ കൂടുതൽ

കാർപ്പറ്റ് വിസ്തീർണ്ണമുള്ള മുറികളുടെ എണ്ണം

1) 4 യൂണിറ്റ് കോട്ടേജ്-7എണ്ണം -മുറികളുടെ എണ്ണം-28

2) ട്വിൻ കോട്ടേജ്-1 എണ്ണം -മുറികളുടെ എണ്ണം-2

ആകെ-30 മുറികൾ. ആയതിന് ആവശ്യമായ പാർക്കിംഗ്=30/1.5=20 പാർക്കിംഗ് യൂണിറ്റ്=300 ച.മീ. ആയതിനാൽ പഞ്ചായത്ത് നമ്പർ നല്കിയ കെട്ടിടങ്ങളുടെ കാർപ്പറ്റ് വിസ്തീർണ്ണത്തിന് അനുസരിച്ച് റിസോർട്ടിലെ ഹോട്ടൽ ബ്ലോക്ക്, കോട്ടേജുകൾ എന്നിവയ്ക്ക് ആവശ്യമായ പാർക്കിംഗ് സ്ഥലത്തിന്റെ വിസ്തീർണ്ണം-705 ച.മീറ്ററാണ്. സംയുക്ത സ്ഥലപരിശോധനാ വേളയിൽ പഞ്ചായത്ത് നല്കിയ പെർമ്മിറ്റിനും പഞ്ചായത്തിൽ സമർപ്പിച്ച പൂർത്തീകരണപ്ലാനിനും വിരുദ്ധമായി പല കോട്ടേജുകളും നിർമ്മിച്ചതായി പഞ്ചായത്ത് അധികൃതർ ഓഡിറ്റിന് കാണിച്ചുതന്നു. കൂടാതെ ഹോട്ടൽ ബ്ലോക്കിന്റെ തറ വിസ്തീർണ്ണം 2828 ച.മീ. ആണെങ്കിലും വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 2088 ച.മീറ്ററിന് മാത്രമേ വസ്തുനികുതി നിർണ്ണയച്ചിട്ടുള്ളു. 740 ച.മീ. തറ സ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. ഇവ കൂടി പരിഗണിക്കുമ്പോൾ ആവശ്യമായ പാർക്കിംഗ് സ്ഥലത്തിന്റെ വിസ്തീർണ്ണം ഇനിയും കൂടും. എന്നാൽ പൂർത്തീകരണപ്ലാനോടൊപ്പം പാർക്കിംഗ് പ്ലാൻ സമർപ്പിച്ചിട്ടില്ല. ഓവർസിയറുടെ റിപ്പോർട്ടിൽ പാർക്കിംഗ് സൗകര്യം സംബന്ധിച്ച് യാതൊരു പരാമർശവുമില്ല. ഈ റിസോർട്ടിൽ നിലവിൽ പൂർത്തിയാക്കിയ രണ്ട് കെട്ടിട സമുച്ചയങ്ങൾക്കായി (കെട്ടിടപെർമ്മിറ്റ് നം.256/08 തിയ്യതി 11.03.08, കെട്ടിട പെർമ്മിറ്റ് നം.105/08-09 തിയ്യതി 17.07.08,കെട്ടിട പെർമ്മിറ്റ് നം.-158/09-10 തിയ്യതി-07.12.09എന്നിവയുടെ അടിസ്ഥാനത്തിൽ നിർമ്മിച്ചവ) 84 പാർക്കിംഗ് സ്ഥലം (1260 ച.മീ.) ആവശ്യമാണെങ്കിലും നിലവിൽ ഈ റിസോർട്ടിന്റെ മുൻഭാഗത്തായി ഉള്ള വളരെ പരിമിതമായ പാർക്കിംഗ് സ്ഥലം മാത്രമേ ഓഡിറ്റിന് കാണിച്ചു തരുവാൻ പഞ്ചായത്ത് അധികൃതർക്ക് സാധിച്ചുള്ളൂ.

ചുണ്ടേൽ വില്ലേജ് ഓഫീസർ 09.04.2008 ന് ഡോ.കെ.എം ആയിഷാബി എന്നവർക്ക് നല്കിയ കൈവശവകാശ സർട്ടിഫിക്കറ്റ് പ്രകാരം ഈ റിസോർട്ടിന്റെ കിഴക്കുഭാഗത്തും തെക്ക് ഭാഗത്തും പുഴയാണ്. വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 20.12.2011 ലെ 151(5)/11 തീരുമാന പ്രകാരം റിസോർട്ടുകൾ മൂന്ന് മീറ്റർ വരെയുള്ള വീതിയുള്ള തോടുകളുടെ പുറമ്പോക്ക് കഴിഞ്ഞുള്ള അതിർത്തിയിൽ നിന്നും 20 മീറ്റർ ദൂരം വിട്ടാണ് നിർമ്മിക്കേണ്ടത്. എന്നാൽ വൈത്തിരി വിലേജ് റിസോർട്ടിലെ പല കോട്ടേജുകളും സ്വിമ്മിംഗ്പൂൾ, അതിനോടനുബന്ധിച്ച കെട്ടിടം എന്നിവ പുഴയോട് വളരെ അടുത്ത് നിർമ്മിച്ചതായാണ് സംയുക്ത സ്ഥലപരിശോധനയിൽ കാണാൻ സാധിച്ചത്.

ആയതിനാൽ ഈ റിസോർട്ടിലെ വിവിധ കോട്ടേജുകൾ,സ്വിമ്മിംഗ് പൂൾ, ഹോട്ടൽ ബ്ലോക്ക്(ഹോട്ടൽ ബ്ലോക്കിന്റെ തറവിസ്തീർണ്ണം 2828 ച.മീ. ആണെങ്കിലും 2088 ച.മീറ്ററിന് മാത്രമേ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളു. 740 ച.മീ. തറ വിസ്തീർണ്ണ ത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല), മറ്റ് കെട്ടിടങ്ങൾ എന്നിവ എൻജിനീയറിംഗ് വിഭാഗം സ്ഥലപരിശോധന നടത്തി യഥാർത്ഥ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി പഞ്ചായത്ത് നൽകിയ കെട്ടിട പെർമ്മിറ്റിന് വിരുദ്ധമായും പെർമ്മിറ്റ് ഇല്ലാതെയുമാണ് വിവിധ കോട്ടേജുകൾ പണി

പൂർത്തീകരിച്ചിട്ടുള്ളതെന്ന് തെളിഞ്ഞാൽ, കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 235 എഎ പ്രകാരം, കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് അന്നു മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി പണി കഴിപ്പിച്ചിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ട് ഇരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

അസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഈ റിസോർട്ടിൽ 811.88 m2 തറവിസ്തീർണ്ണമുള്ള രണ്ട് മുറികൾക്ക് വാണിജ്യകെട്ടിടമായി നികുതി നിർണ്ണയിച്ചിട്ടുണ്ട്.(കെട്ടിട നമ്പർ-IV-29-AV,AW-ആകെ -1623.76 m2). ച.മീ 60/-രൂപ നിരക്കിൽ 58,456/-രൂപയാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. ലൈബ്രറി സെസ്-2923/-രൂപ. ആകെ-61,379/-രൂപ വീതം. എന്നാൽ ഈ കെട്ടിടങ്ങളുടെ പൂർത്തീകരണപ്ലാൻ ഫയലിൽ ലഭ്യമല്ല. ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയതുമില്ല. റിസോർട്ടിലെ ഈ കെട്ടിടങ്ങൾക്ക് വാണിജ്യ കെട്ടിടമായി നികുതി നിർണ്ണയിച്ചത് ശരിയല്ല. നിയമാനുസൃതമായ കെട്ടിടമല്ലെങ്കിൽ റിസോർട്ടിന്റെ അടിസ്ഥാന നിരക്കായ 80/-രൂപയുടെ മൂന്നിരട്ടി-240/-രൂപ നിരക്കിലാണ് വസ്തുനികുതി ഈടാക്കേണ്ടത്. ഓരോ മുറികൾക്കും നിർണ്ണയിക്കേണ്ട വസ്തുനികുതി ഇപ്രകാരമാണ്. 811.88x240x1.2= 2,33,821/-രൂപ ലൈബ്രറി സെസ്-11,691/- രൂപ. ആയതിനാൽ ഓരോ മുറികൾക്കും വസ്തുനികുതിയിനത്തിൽ 1,75,365/- രൂപയും ലൈബ്രറി സെസ് ഇനത്തിൽ 8768/-രൂപയും കുറവായാണ് നിർണ്ണയിച്ചിട്ടുള്ളത്. ആയതിനാൽ ഈ മുറികൾക്ക് വസ്തുനികുതി നിർണ്ണയിച്ച തിയ്യതി മുതൽ കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നിലവിൽ 8297.10 ച.മി തറവിസ്തീർണ്ണത്തിനാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.

C-കെട്ടിടപെർമിറ്റ് നം.143/14-15

| | |
|---|---|
| അപേക്ഷകൻ | എൻ.കെ മുഹമ്മദ്, മാനേജിംഗ് ഡയറക്ടർ, മലബാർ ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് പ്രോമോഷൻ ട്രസ്റ്റ് എന്നവരുടെ 11.11.2014 ലെ സ്റ്റാഫ് ഹോസ്റ്റൽ 3978.68 m2 തറ വിസ്തീർണ്ണമുള്ള 6 നില സ്റ്റാഫ് ഹോസ്റ്റൽ കെട്ടിടം പണിയുന്നതിനുള്ള അപേക്ഷ.<br>തറനില -പാർക്കിംഗ്<br>ഒന്നാം നില അഞ്ചാംനില വരെ -708.10 m2 വീതം<br>ആറാം നില-438.18 m2<br>ആകെ-3978.68 m2 |

| | |
|---|---|
| | |
| പ്ലോട്ടിന്റെ വിശദാംശം | വൈത്തിരി താലൂക്കിലെ ചുണ്ടേൽ വില്ലേജിലെ റീസർവ്വേ നം. 155/1,157/7ൽ 8259 m2 സ്ഥലം |
| വൈത്തിരി ഗ്രാമപഞ്ചായത്ത് നല്കിയ കെട്ടിടപെർമിറ്റിന്റെ വിശദാംശങ്ങൾ | ഒന്നാം നില അഞ്ചാംനില വരെ -708.10 m2 വീതം<br>ആറാം നില-438.18m2<br>ആകെ-3978.68m2<br>ഭൂനിരപ്പ് നില പാർക്കിംഗിന് അനുവദിച്ചിട്ടില്ല. |

| | |
|---|---|
| അപാകത | 1) ഭൂനിരപ്പ് നില പാർക്കിംഗിന് അനുവദിച്ചിട്ടില്ലെങ്കിലും സെക്രട്ടറി അംഗീകരിച്ച പ്ലാനിൽ പാർക്കിംഗ് കാണിച്ചിരിക്കുന്നത് ഭൂനിരപ്പ് നിലയിലാണ്.<br>2) B,C എന്നീ പെർമിറ്റുകൾ പ്രകാരം രണ്ട് കെട്ടിടവും ഒരേ റീസർവ്വേ നം. 155/1,157/7 ആണ്. |

പഞ്ചായത്ത് നല്കിയ കെട്ടിട പെർമിറ്റിൽ പാർക്കിംഗ് സൗകര്യം കാണിച്ചിട്ടില്ല. പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താതെ കെട്ടിട പെർമ്മിറ്റ് നൽകിയത് ശരിയല്ല. പഞ്ചായത്ത് നല്കിയ കെട്ടിട പെർമ്മിറ്റ് റദ്ദാക്കേണ്ടതും നിലവിലെ പണി നിർത്തിവെയ്ക്കുവാൻ ഉത്തരവ് നൽതേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 235 ഏക്സ്).

വൈത്തിരി ഗ്രാമപഞ്ചായത്തിലെ എല്ലാ റിസോർട്ടുകളിലും വാണിജ്യ കെട്ടിങ്ങളിലും സ്ഥലപരിശോധന നടത്തി, പഞ്ചായത്ത് നല്കിയ കെട്ടിടപെർമിറ്റിന് അനുസരിച്ചാണോ കെട്ടിടങ്ങൾ പണിതിട്ടുള്ളതെന്നും അവ ഉപയോഗപ്പെടുത്തുന്നതെന്നും ആവശ്യമായ പാർക്കിംഗ് സൗകര്യം ഒരുക്കിയിട്ടുണ്ടോയെന്നും എല്ലാകെട്ടിടങ്ങൾക്കും വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടോയെന്നും പരിശോധിച്ച് നിയമാനുസൃതമല്ലാതെ നിർമ്മിച്ചവയ്ക്കെതിരെ അടിയന്തിര നടപടിയെടുത്ത് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നൽകേണ്ടതാണ്.

## 2-8 പൂക്കോട് തടാക വിനോദസഞ്ചാര കേന്ദ്ര പരിസരത്തെ വാഹന പാർക്കിംഗ്- ഡി.റ്റി.പി.സി യിൽ നിന്ന് തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

പൂക്കോട് തടാകത്തിനു സമീപത്തെ റോഡിൽ (വാർഡ് 9-ലെ തളിപ്പുഴ-നരിക്കോട്മുക്ക് റോഡ്) ജില്ലാ ടൂറിസം കൗൺസിൽ പാർക്കിംഗ് സൗകര്യം

ഏർപ്പെടുത്തിയതിനെത്തുടർന്ന് അനധികൃത പാർക്കിംഗ് ഒഴിവാക്കുന്നതിന് ഡി.റ്റി.പി.സി. ചെയർമാന് കത്തു നൽകുന്നതിന് തീരുമാനമെടുത്തിട്ടുള്ളതുമാണ്. (24.01.2014 ലെ 7(1)/14 നം തീരുമാനം). 01.8.2014 മുതൽ 31.07.2015 വരെയുള്ള ഒരുവർഷത്തേക്ക് ആയിരുന്ന ഡി.റ്റി.പി.സി ആദ്യം ലേലം/ടെണ്ടർ പരസ്യം നല്കിയിരുന്നത്. (ടെണ്ടർ പരസ്യം നം.ടി.2-557/2014/ഡി.ടി.പി.സി തീയതി.17.7.2014). 15.2.14ൽ ഡി.റ്റി.പി.സി. കത്ത് കൈപ്പറ്റി യെങ്കിലും വീണ്ടും പാർക്കിംഗ് ഫീ പിരിക്കുന്നതിന് 17.7.2014 ലെ ടി2.557/2014/ ഡി.ടി.പി.സി കത്ത് പ്രകാരം 30.7.14 ൽ ലേലം ചെയ്യുവാൻ നോട്ടീസ് നല്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്ത് 1995ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടങ്ങൾ 1, 6 എന്നിവ പ്രകാരം മുൻസിഫ് കോടതിയിൽ I.A.No.615/14,616/14 നമ്പറായി O.S No.191/14 കേസ് ഫയൽ ചെയ്തിട്ടുണ്ട്. തുടർന്ന് കേസ് രമ്യതയിലാക്കുന്നതിന് ജില്ലാ ഗവ.പ്ലീഡറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആകെ പാർക്കിംഗിൽ നിന്നു ലഭിക്കുന്ന തുക 50% ഡി.ടി.പി.സി. യ്ക്കും 50% ഗ്രാമപഞ്ചായത്തിനും എന്ന നിർദ്ദേശം (ഡി.ടി.പി.സി) വച്ചതിനെത്തുടർന്ന് (26.8.2014 ലെ 3(1)/14 നം.തീരുമാനം). 2003 മുതൽ അവലംബിച്ചിരുന്ന രീതിയിൽത്തന്നെ പാർക്കിംഗ് ലേലത്തുകയുടെ 50% പഞ്ചായത്തിന് ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറിയുടെ സാധൂകരണം ലഭ്യമാക്കാമെന്ന് തീരുമാനിച്ചിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. മേൽ പ്രകാരം കണക്കാക്കിയ 3 വർഷത്തെ കുടിശ്ശിക തുകയായ 6,76,716/- രൂപ വൈത്തിരി പഞ്ചായത്തിന് നൽകുവാൻ മുനിസിഫ് കോടതി ഉത്തരവായിട്ടുണ്ടെങ്കിലും (09.06.2015ലെ O.S.No.191/14 നമ്പർ കല്പറ്റ മുൻസിഫ് കോടതി ഉത്തരവ്)ഡി.ടി.പി.സി. തുക അടവാക്കാത്ത സാഹചര്യത്തിൽ 26.11.15 ൽ പഞ്ചായത്തിന്റെ അഡ്വക്കേറ്റ് മുഖാന്തിരം 6,76,716 രൂപയും 50% ലേലത്തുകയും ആയതിന്റെ 18% പിഴപ്പലിശയും നോട്ടീസ് തുക 1000/-രൂപയും തിരിച്ചടയ്ക്കുവാൻ ആവശ്യപ്പെട്ടിട്ടും നാളിതുവരെ ഡി.ടി.പി.സി അധികൃതർ തുക അടവാക്കിയിട്ടില്ല. 25.7.2014 ലെ INTERLOCUTORY APPLICATION No,615/2014(original suit No.191/2014) മുൻസിഫ് ഉത്തരവനുസരിച്ച് ലേല നടപടിക്രമങ്ങൾ നിർത്തിവയ്ക്കുവാൻ ഉത്തരവായിട്ടും ഡി.ടി.പി.സി വരുമാനത്തെയും ടൂറിസത്തെയും ബാധിക്കുമെന്നതിനാലാണ് പഞ്ചായത്ത് ഗവ.പ്ലീഡറുടെ സാന്നിധ്യത്തിൽ സമവായത്തിലെത്തിയത്. തുക ഈടാക്കാൻവേണ്ട നടപടിക്രമങ്ങൾ സത്വരമായി പൂർത്തിയാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.18/19.7.2017)

## 2-9 ഡി&ഒ ലൈസൻസ്, ജീവനക്കാരുടെ തൊഴിൽ നികുതി-അടവാക്കിയില്ല.

2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഡി&ഒ ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട ചില അപാകതകൾ താഴെ കൊടുക്കുന്നു.

1. അപേക്ഷകളിൽ ഭൂരിഭാഗവും ശരിയായ രീതിയിൽ പൂരിപ്പിച്ചിട്ടില്ല. ഒരു സ്ഥാപനത്തിനും സാനിറ്ററി സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ലൈസൻസിനുള്ള അപേക്ഷയിൽ സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം കാണിച്ചിട്ടുണ്ടെങ്കിലും ഇവരുടെയൊന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഫയൽ നം. | ഉടമസ്ഥന്റെ പേര് | അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 302 | മുരളി. എം. കെ | 4 |
| 2 | 393 | ഷെറിൻ കരീം | 6 |
| 3 | 305 | ഫസൽ കെ. പി | 2 |
| 4 | 306 | ജോഷി. കെ. എ | 7 |
| 5 | 7565/16 | ഷൈജു. എം പി | 3 |
| 6 | 326 | ഷക്കീർ അലി | 3 |
| 7 | 7855/16 | ഇ. കെ അനിൽ | 7 |

| | | | |
|---|---|---|---|
| 8 | 340 | പ്രദീപ് കുമാർ | 6 |
| 9 | 363 | ലൈല ടി. കെ | 5 |
| 10 | 387 | അബ്ദുൾ നാസ്സർ | 3 |
| 11 | 407 | ഗിരീഷ് മേനോൻ | 5 |
| 12 | 434 | ഷാജി മുഹമ്മദ് | 8 |
| 13 | 207 | വിഷ്ണു പ്രിയ | 3 |
| 14 | 249 | സജി ജോസഫ് | 3 |
| 15 | 117 | അബ്ദുൾ സലീം | 25 |
| 16 | 452 | തോമസ്സ് ഡൊമിനിക്ക് | 20 |
| 17 | 466 | സുബ്രമണ്യൻ | 4 |
| 18 | 478 | മൂമിൻ ഹക്കീം | 3 |
| 19 | 480 | മേരി തോമസ്സ് | 4 |

| | | | |
|---|---|---|---|
| 20 | 182 | അലി എം | 4 |
| 21 | 254 | അബ്ദുറഹിമാൻ | 3 |
| 22 | 277 | അബ്ദുൾ ലത്തീഫ് | 5 |
| 23 | 285 | ആഷിഖ് എം | 6 |
| 24 | 81 | മൊയ്തീൻ. എം | 6 |
| 25 | 84 | ദീന ജോസ്സ് | 12 |
| 26 | 99 | അബ്ദുൾ ഗഫൂർ | 5 |
| 27 | 306 | ജോഷി കെ. എ | 7 |
| 28 | 340 | പ്രദീപ് കുമാർ | 6 |

2.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചതിന്റെയോ റേഷൻ കടകളിൽ നിന്ന് തൊഴിൽനികുതി പിരിച്ചതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല.

3.ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, കരാറുകാർ, വക്കീലന്മാർ എന്നിവരുടെ തൊഴിൽനികുതി അടവാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27 /16-17/21.07.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രോജക്ടുകൾ യഥാസമയം നടപ്പിലാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടം.

ഗ്രാമപഞ്ചായത്ത് 2016-17 വർഷത്തിൽ 2,42,14,260/- രൂപ അടങ്കൽ തുകയായി 24 സ്പിൽ ഓവർ പ്രോജക്ടുകൾ അടക്കം ആകെ 116 മരാമത്ത് പ്രോജക്ടുകൾ നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ 74,33,099/-രൂപ ചെലവിൽ 20 സ്പിൽ ഓവർ പ്രോജക്ടുകൾ അടക്കം ആകെ 45 (ഭാഗികമായി പൂർത്തിയാക്കിയവ അടക്കം) മരാമത്ത് പ്രോജക്ടുകൾക്കുമാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തുമായി കരാറുടമ്പടിയിൽ ഏർപ്പെട്ടിട്ട് പൂർത്തിയാക്കാത്ത പ്രോജക്ടുകളുടെ വിവരങ്ങൾ ലഭ്യമാക്കിയതിൽ താഴെ പറയുന്ന പ്രോജക്ടുകൾ നാളിതുവരെ ആരംഭിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ടിന്റെ നമ്പറും പേരും | കൺവീനറുടെ പേര് | അടങ്കൽ | കരാറുടമ്പടി നമ്പറും തീയ്യതിയും |
|---|---|---|---|---|
| 1 | 48/17, 12-ാം പാലം റോഡ് ഡ്രൈനേജ് മെയ്ന്റനൻസ് | ശ്രീ.ബാലകൃഷ്ണൻ | 205000 | 83/16-17, 14.03.2017 |
| 2 | 49/17, കലിക കോളേജ് ഫുട്പാത്ത് നിർമ്മാണം. | ശ്രീ.സിദ്ധിക് വി.കെ | 100000 | 65/16-17, 28.02.2017 |
| 3 | 64/17, ലക്കടി ബസ് വെയ്റ്റിംഗ് ഷെൽറ്റർ നിർമ്മാണം. | ശ്രീ.റജീഷ് കുമാർ | 300000 | 52/16-17, 17.02.2017 |
| 4 | 94/17, ഉമ്മനത്തിൽ ഫുട്പാത്ത് | ശ്രീ.മുരുകേശൻ | 50000 | 10/16-17, 16.02.2017 |

| | | | | |
|---|---|---|---|---|
| 5 | 95/17, അംബേദ്ക്കർ കോളനി ഫുട്പാത്ത് സൈഡ് കെട്ട്, കോൺക്രീറ്റ് | ശ്രീ.മണികണ്ഠൻ | 200000 | 38/16-17, 07.02.2017 |
| 6 | 108/17, കോളിച്ചാൽ 16 ഫുട്പാത്ത് കോൺക്രീറ്റ് | ശ്രീ.ഇ.സി. ജോസഫ് | 50000 | 87/16-17, 20.03.2017 |
| 7 | 110/17, ജൂബിലി വയൽ ഫുട്പാത്ത് | ശ്രീ.ഇബ്രാഹിം | 200000 | 82/16-17, 14.03.2017 |
| 8 | 115/17, കോളിച്ചാൽ കുടിവെള്ള പദ്ധതി നവീകരണം | ശ്രീ.മുഹമ്മദ് കെ. | 100000 | 44/16-17, 13.02.2017 |
| 9 | 117/17, കോളിച്ചാൽ പൊടിയൻപാലം നിർമ്മാണം | ശ്രീ.രവി ബി. | 200000 | 43/16-17, 13.02.2017 |
| 10 | 129/17, ചുണ്ടേൽ സാംസ്കാരിക നിലയം അറ്റകുറ്റപണികൾ | ശ്രീ.രാധാകൃഷ്ണൻ | 200000 | 92/16-17, 25.03.2017 |
| 11 | 136/17, തങ്ങൾകുന്ന് കോളനി കുടിവെള്ള പദ്ധതി | ശ്രീ.മാധവൻ ടി.സി. | 100000 | 84/16-17, 14.03.2017 |
| 12 | 139/17, 8-ാം | ശ്രീ.അച്ചുതൻ | 200000 | 74/16-17, |

| | | | | |
|---|---|---|---|---|
| | നമ്പർ കുടിവെള്ള പദ്ധതി | | | 06.03.2017 |
| 13 | 191/17, മങ്ങാടൻകുന്ന് കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ | ശ്രീ.ആർ. രവീന്ദ്രൻ | 40000 | 91/16-17, 25.03.2017 |
| 14 | 100/17, തളിപ്പുഴ പൂക്കോട് റോഡ് ഡ്രൈനേജ് | ശ്രീ.അഭിലാഷ് | 50000 | 75/16-17, 06.03.2017 |
| 15 | 30/17, ശ്രീപുരം ചെമ്പട്ടി കോളനി റോഡ് മെയ്ന്റനൻസ് | ശ്രീ.സുജയൻ | 200000 | 61/16-17, 28.02.2017 |
| 16 | 113/17, ചുണ്ടയിൽ ആനപ്പാറ റോഡ് മെയ്ന്റനൻസ് | ശ്രീ.മൊയ്തീൻകുട്ടി ബി.കെ | 200000 | 50/16-17, 14.02.2017 |
| 17 | 42/17, റബർകുന്ന് റോഡ് മെയ്ന്റനൻസ് | ശ്രീ.ഷറഫുധദ്ദീൻ പി. | 200000 | 39/16-17, 10.02.2017 |
| 18 | 39/17, വട്ടപ്പാറ റോഡ് മെയ്ന്റനൻസ് | ശ്രീ.സിദ്ദീക്ക് എം. | 200000 | 59/16-17, 27.02.2017 |
| 19 | 33/17, തൈലകുന്ന് റോഡ് മെയ്ന്റനൻസ് | ശ്രീ.കെ.ആർ. ശശി | 200000 | 42/16-17, 13.02.2017 |
| 20 | 73/17, വൈത്തിരി സ്കൂൾ റോഡ് മെയ്ന്റനൻസ് | ശ്രീ.വിജേഷ് ചന്ദ്രൻ | 350000 | 64/16-17, 28.02.2017 |

| | | | | |
|---|---|---|---|---|
| 21 | 169/17, വട്ടവയൻ റോഡ് മെയ്ന്റനൻസ് | ശ്രീ.ഖാദർ | 300000 | 35/16-17, 04.02.2017 |
| 22 | 31/17, കുഞ്ഞൻകോട് റോഡ് മെയ്ന്റനൻസ് | ശ്രീ.മുഹമ്മദാലി | 400000 | 31/16-17, 03.02.2017 |

മേൽ പറഞ്ഞവയിൽ അവസാനത്തെ 9 പ്രോജക്ടുകൾ സ്പിൽ ഓവർ പ്രോജക്ടായി 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. സാങ്കേതികമായി ഗുണഭോക്തൃ സമിതികൾക്ക് ഏറ്റെടുത്തു നടത്തുന്നതിനുള്ള ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്ത കാരണം ഭരണസമിതി തീരുമാന പ്രകാരം പ്രോജക്ടുകൾ ഒഴിവാക്കിയെന്നാണ് പ്രോജക്ടുകൾ ഒഴിവാക്കിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി. പ്രോജക്ടുകൾ ഏറ്റെടുത്തു നടത്തുന്നതിനുള്ള ശേഷി ഉണ്ടോ എന്ന് പരിശോധിക്കാതെ ഗുണഭോക്തൃ സമിതികളെ പ്രവൃത്തികളുടെ നിർവ്വഹണം ഏൽപ്പിച്ചത് തെറ്റായ നടപടിയാണ്. ആയത് മൂലം പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം തെറ്റായ തീരുമാനം എടുത്തവരിൽ നിന്നും ഈടാക്കേണ്ടതാണ്.

കരാറുടമ്പടി പ്രകാരം 31.03.2017 - ൽ പൂർത്തിയാക്കേണ്ട മറ്റു പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കാത്തതിനാൽ ഗുണഭോക്തൃസമിതികൾക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 16/16-17, തീയ്യതി 18/07/2017-ന് മറുപടിയായി, ഇതിൽ ചില പ്രവൃത്തികൾ ആരംഭച്ചിട്ടുണ്ടെന്നും മറ്റുള്ളവ ഉടൻതന്നെ ആരംഭിക്കുമെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പ്രോക്ടുകൾ യഥാസമയം നടപ്പിലാക്കാത്തതിനാൽ ഈ പ്രവൃത്തികൾക്കായി വകയിരുത്തിയിരുന്ന വികസനഫണ്ട് ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ഗുണഭോക്തൃ സമിതികളുമായി ചമച്ച ഉഭയകക്ഷി കരാറനുസരിച്ച് ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന നഷ്ടത്തിന് ഗുണഭോക്തൃസമിതി ഉത്തരവാദി ആയിരിക്കുന്നതും തുക അവരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 3-2 സാമൂഹ്യസുരക്ഷാ പെൻഷനുകൾ - വിതരണത്തിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

സാമൂഹ്യസുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്നതിന്റെ രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് ഷെഡ്യൂൾ 1-6, 1-14 എന്നിവ പ്രകാരം സാമൂഹ്യസുരക്ഷാ പെൻഷനുകൾ വരവ് തന്നെയാണ് ചെലവായി

ഉൾപ്പെടുത്തിയിട്ടുള്ളത്. “സേവന"സോഫ്റ്റ് വെയർ പ്രകാരം പെൻഷനുകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുമ്പോൾ "success” എന്നാണ് രേഖപ്പെടുത്തുന്നത്. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ എന്നാണ് തുക നിക്ഷേപിക്കപ്പെടുന്നത് എന്നത് വ്യക്തമല്ല. കൂടാതെ തുക പോസ്റ്റ് ഓഫീസിന് കൈമാറിയതിന്റെ വിവരം 'തുക കൈമാറി' എന്ന മാത്രമാണ് സേവനയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ”തുക കൈപ്പറ്റി" എന്ന് സേവനയിൽ ചേർത്തിട്ടുള്ളത് പെൻഷൻ ഗുണഭോക്താവാണോ കൈപ്പറ്റിയത് എന്ന് വ്യക്തമല്ല. കൈപ്പറ്റു തീയ്യതികൾ ഉൾപ്പെടുത്തിയിട്ടുള്ള രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. സേവനയിൽ നിന്നുള്ള പ്രിന്റൌട്ടുകൾ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കി ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പെൻഷനുകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന്റെയും തുകകൾ തിരിച്ചടവാക്കുന്നതിന്റെയും (സഹകരണ ബാങ്കുകളിലുള്ളവയുൾപ്പടെ) വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.23/21.7.17)

## 3-3 ഹോമിയോ- മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0038/17 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| ബിൽ നം. | 1/2016-17 |
| തുക | 2,50,000/- ഡി.ഡി.നം.112090/1.3.17 |
| ഇൻവോയ്സ് നം | PF 1173 |
| രസീത് നം. | 2739/10.3.17 |
| സ്ഥാപനം | കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്(ഹോംകോ),പാതിരപ്പള്ളി, ആലപ്പുഴ. |

മേൽപ്പറഞ്ഞ പ്രകാരം ഹോംകോയിൽ നിന്ന് മരുന്നുകൾ വാങ്ങുന്നതിന് തുക നല്കിയിരുന്നതാണ്. മരുന്നുകൾ ലഭ്യമാക്കാതിരുന്നതിനെത്തുടർന്ന് കത്തു നൽകുകയും ചെയ്തിരുന്നതാണ്. (3.1.17 ലെ 2/2017/GHDT കത്ത്). എന്നാൽ നാളിതുവരെ 2,50,000/-

രൂപയ്ക്കുള്ള മരുന്നുകളൊന്നും തന്നെ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കുന്നതുവരെ തുക തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം.15/14.7.17)

## 3-4 അലോപ്പതി മരുന്നുകൾ,ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല-നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0194/17 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ മരുന്നുകൾ,ഉപകരണങ്ങൾ എന്നിവ വാങ്ങിയത്. |
| ബിൽ നം. | 5/15.3.17 |
| ഇൻവോയ്സ് നം | PRF2873/26.2.17 |
| തുക | 322123/- |
| സ്ഥാപനം | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, തിരുവനന്തപുരം. (KMSCL) |

29.3.17ൽ ഓൺലൈൻ NEFT ആയി KMSCL ന്റെ തിരുവനന്തപുരം മെഡിക്കൽ കോളേജിലുള്ള പഞ്ചാബ് നാഷണൽ ബാങ്കിലേക്ക് (A/C No.36240018000000) തുക ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുള്ളതാണ്. എന്നാൽ 3,22,123/- രൂപയിൽ 2,90,383/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി 31,740/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻക്വയറി നം.14/14.7.17)

## 3-5 പദ്ധതി ചെലവുകൾ-കണക്കുകളിൽപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0054/17 |
| ഇനം | ഭിന്നശേഷിയുള്ളവർക്ക് പഠനസഹായം അനുബന്ധ ബത്തകൾ |

| | |
|---|---|
| | അനുവദിക്കൽ (ചെ.നം.012965/21.3.17) |

മേൽപ്പറഞ്ഞ പ്രകാരമുള്ള പ്രോജക്ടിനായി പൊതുവിഭാഗത്തിൽ 2,50,000/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 2,28,600/- രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2,28,600/- രൂപ പദ്ധതിച്ചെലവുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.12/14.7.17)

## 3-6 അംഗൻവാടികൾക്ക് പാത്രം വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0059/17 |
| തുക | 3240/- രൂപ |
| സ്ഥാപനം | സ്റ്റൌ വേൾഡ്, വൈത്തിരി |
| ബിൽ നം. | 6/16-17 തീ.25.2.16 |
| തീരുമാനം. നം. | 1(2)/4.2.17 |

വ്യാപകമായ പത്രപരസ്യം നല്കാതെയാണ് ആദ്യം ടെൻഡർ ക്ഷണിച്ചിട്ടുള്ളത്. രണ്ടു പ്രചാരമുള്ള പത്രത്തിലെങ്കിലും പരസ്യം നൽകേണ്ടതായിരുന്നു. ദേശാഭിമാനിയിൽ (2017 ഫെബ്രുവരി 14ലെ വിൻഡോ പരസ്യം നം.1502/16/tender വിൻഡോ നം.G47127/2017)ലഭ്യമാക്കേണ്ട ഉപകരണങ്ങളുടെ വിശദവിവരം ഉൾപ്പെടുത്തിയിട്ടില്ല.

പി.വി. എൻജിനിയറിംഗ് വർക്സ്, മണൽവയൽ, കൈതപ്പൊയിൽ - പി.ഓ, കോഴിക്കോട് എന്ന സ്ഥാപനവും കേരള ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്, കോഴിക്കോട് എന്ന സ്ഥാപനവും ആണ് ടെൻഡർ സമർപ്പിച്ചിരുന്നത്.

പത്രപ്പരസ്യത്തിൽ (പാചകപാത്രങ്ങൾ-20.ബേബി ടേബിൾ-80, ബേബി ചെയർ-25, മേശ-2, കിടക്കകൾ-20, അളവ് പാത്രങ്ങൾ-40) പാത്രങ്ങളുടെ വിശദവിവരം ഉൾപ്പെടുത്തിയിട്ടില്ല. ടെൻഡർ ഫോമുകൾക്കൊപ്പം സ്ഥാപനങ്ങൾ തുകകൾ ക്വോട്ടു ചെയ്തിട്ടില്ല.

ആകെ 1,13,653/- രൂപ അടങ്കലുണ്ടായിരുന്ന മേൽ പ്രോജക്ട് മാറ്റം വരുത്തി 3240 രൂപയ്ക്ക് ഗ്യാസ് സ്റ്റൌ വാങ്ങുകയാണ് ചെയ്തിരിക്കുന്നത്. 1,13,653/- രൂപ അടങ്കൽ തുകയുണ്ടായിരുന്ന പ്രോജക്ട് 3240/- രൂപയിൽ പരിമിതപ്പെടുത്തി ലഭ്യമാകുമായിരുന്ന തുക ചെലവാക്കാതെ നഷ്ടം വരുത്തിയിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് പരസ്യചാർജ്ജ് പാഴ്ച്ചെലവായി ഓഡിറ്റ് നിരീക്ഷിക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.12/14.7.17).

## 3-7 ഗുണഭോക്തൃസമിതികൾ അധികമായി വാങ്ങിയ സാമഗ്രികൾ ഗ്രാമപഞ്ചായത്തിൽ ഏൽപ്പിച്ചിട്ടില്ല

ഗുണഭോക്തൃസമിതികൾ മുഖാന്തിരം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ താഴെ പറയുന്ന നിർമ്മാണപ്രവൃത്തികളിൽ ആവശ്യമായതിലും അധികം മെറ്റീരിയൽസ്/ഓയിൽ (അളവ് പുസ്തക പ്രകാരം) വാങ്ങിയതായാണ് ഗുണഭോക്തൃസമിതികളുടെ ചെലവ് കണക്കുകളും വൗച്ചറുകളും പരിശോധിച്ചതിൽ കാണുന്നത്. അധികമായി വാങ്ങിയ സാധനങ്ങൾ പഞ്ചായത്തിൽ ഏൽപ്പിച്ചതായി കാണുന്നില്ല. ഗുണഭോക്തൃസമിതി കൺവീനറുമായി പഞ്ചായത്ത് ചമച്ച ഉഭയകക്ഷി കരാറിലെ വ്യവസ്ഥ പ്രകാരം ബാക്കി വരുന്ന സാധനങ്ങൾ കേടുകൂടാതെ ഗ്രാമപഞ്ചായത്തിൽ ഏൽപ്പിക്കേണ്ടതാണ്. 25.07.2017-ലെ ഓഡിറ്റ് എൻക്വയറി നം . 28 /2016-17 - ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല.

I)

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0010/17 |
| പ്രോജക്ടിന്റെ പേര് | കോളിച്ചാൽ 16 -റോഡ് ടാറിംഗ്. |
| അടങ്കൽ | 5 ലക്ഷം രൂപ (തനത് ഫണ്ട് ) |
| സാങ്കതിക അനുമതി | AEE/LSGD/349/15-16, 13.07.2015 |
| ചെലവ് | 500000/-രൂപ [CBV നം. 01/02, 27/02/2017] |
| എം. ബുക്ക് നമ്പർ | 67/16-17(1-21) |
| കൺവീനർ | ശ്രീ. സുഭാഷ് പി.എൻ. |
| കരാറുടമ്പടി നമ്പർ | 33/15-16, 16/09/2015 |

എ) എസ്റ്റിമേറ്റിലെ 5 (മെറ്റലിംഗ്), 7 (പ്രീമിക്സ് കാർപ്പറ്റ്), 8 (സീൽ കോട്ട്) എന്നീ ഇനങ്ങളിലാണ് റോഡ് റോളർ ഉപയോഗിച്ചിട്ടുള്ളത്. ഈ ഇനങ്ങൾ ചെയ്യുന്നതിന് റോഡ് റോളറിന് ആവശ്യമായ ഡീസലിന്റെ (cpwd data അനുസരിച്ച്) വിവരം താഴെ കൊടുക്കുന്നു.

| ഇനം നമ്പർ | ചെയ്ത അളവ് | ഡാറ്റ പ്രകാരം യൂണിറ്റിന് ആവശ്യമായ ഡീസലിന്റെ അളവ് | ആവശ്യമായ ഡീസൽ(ലിറ്റർ) |
|---|---|---|---|
| 5 | 60.37 ഘന മീറ്റർ | 0.59 ലിറ്റർ/ഘന മീറ്റർ | 35.62 |
| 7 | 786.85ച.മീ. | 2ലിറ്റർ/100ച.മീ. | 15.74 |
| 8 | 786.85ച.മീ. | 1.08ലിറ്റർ/100ച.മീ. | 8.5 |
| | | ആകെ | 59.86 |

ഗുണഭോക്തൃസമിതി ഡീസൽ വാങ്ങിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി | സ്ഥാപനം | വാങ്ങിയ അളവ് (ലിറ്റർ) | ബിൽ തുക |
|---|---|---|---|---|
| 1 | 14665/ഇല്ല | ടി.എൻ.ആർ. പെട്രോള്യം, കൽപ്പറ്റ | 400 | 25616 |
| 2 | 14671/ഇല്ല | -ടി- | 430 | 27532 |
| | | ആകെ | 830 | 53148 |

(ഡീസൽ ബില്ലുകളിൽ തീയതിയും പേരും രേഖപ്പെടുത്തിയിട്ടില്ല.)

അധികമായി വാങ്ങിയ ഡീസൽ 770.14ലിറ്റർ(830 - 59.86) പഞ്ചായത്തിൽ ഏൽപ്പിച്ചിട്ടില്ല.

